e-book

Kalkipuri®

Kalki

കൽകിപുരി ക്ഷേത്ര നിയമങ്ങൾ

ജ്യോതിർമണ്ഡല പ്രകാശ സ്വരൂപ ബ്രഹ്മലോക ശിവലോക വിഷ്ണുലോക ദേവവർഗ്ഗ നിയമങ്ങൾ

Kalkipuri Kshethra Niyamangal (Malayalam)

(Kalkipuri Temple Rules)

Author: Kalki

Publisher: Kalki
Address:
Kalkipuri
Edavannappara
Malappuram Dt. - 673645
Kerala, India.
Ph: 0483 2724372
Whatsapp: 7907456154
shop.kalkipuri.com

Kalki

Copyright © Kalki.
(All rights reserved, including the right of reproduction in whole or in part in any form.)

DTP & Design: Kalkipuri

Digital First Edition: 30 Oct 2021

Digital Edition ISBN: 9789355668776
ISBN Format: Digital Download and Online
Price: Free

ISBN 978-9-3556687-7-6

ഉള്ളടക്കം

1. കൽകിപുരി പബ്ലിക്കേഷൻ

2. വസ്തുതകൾ

3. ചരിത്രപരമായ ഋഷിപ്രോക്ത തെളിവുകൾ

3. കൽകിപുരി ക്ഷേത്ര നിയമങ്ങൾ

ജ്യോതിർമണ്ഡല പ്രകാശസ്വരൂപ ബ്രഹ്മലോക ശിവലോക വിഷ്ണുലോക യഥാർത്ഥ ദേവവർഗ്ഗ നിയമങ്ങൾ കൽകി വെളിപ്പെടുത്തുന്നു. വാഴക്കാട് സ.റ.ആ.ൽ 1/3/2021-ാം നമ്പരായി രജിസ്റ്റർ ചെയ്ത കൽകിയുടെ ഒസ്യത്തിലും ആയതിലെ 23 ഉം 24ഉം വകുപ്പുകളിൽ പ്രത്യേകമായി രേഖപ്പെടുത്തിയതും കൽകിപുരി ക്ഷേത്രത്തിൽ നടപ്പാക്കിയതുമാകുന്ന പ്രസ്തുത കൽകിപുരി ക്ഷേത്ര നിയമങ്ങൾ.

കൽകിപുരി പബ്ലിക്കേഷൻ

1. പുനർജന്മം ചരിത്രപരമായ തെളിവുകൾ - കൽകി

   ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം.

   അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദി തമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.
2. കൽകിപുരി ക്ഷേത്ര നിയമങ്ങൾ.
3. നാഡി ജ്യോതിഷം ഋഷിപ്രോക്ത നാഡി താളിയോലകൾ
4. ദ്രൗപദീപതി അർജ്ജുനൻ മാത്രം - ശ്രീകൃഷ്ണൻ.
5. യഥാർത്ഥ ശ്രീരാമ ചരിതം: പ്രഥമഘട്ട സുപ്രധാന രംഗം.
6. ഗാന്ധാരിയും ശ്രീകൃഷ്ണനും സുപ്രധാന രംഗം.
7. ചൈതന്യം ജ്യോതിഷത്തിൽ തെളിഞ്ഞു.
8. Kalkipuri Temple Rules.
9. Arjuna is the Sole Husband of Draupadi - Sree Krishna.
10. Real History of Sree Rama: Most Important Scene from the First Part.
11. Gandhari and Sree Krishna Most Important Scene.
12. Kalki Purana by Agastya & Vishvamitra. ShivaDeva-ParvathiDevi Divine Conversation.

Read More : English | Malayalam

വസ്തുതകൾ

കോടാനുകോടി മനുഷ്യരിൽ നിന്നും പ്രത്യേകമായി ഒരാളെമാത്രം വേർതിരിച്ചറിയുവാൻ കഴിയുന്നതെങ്ങനെ?

വ്യത്യസ്ത ഭാവങ്ങളുണ്ടാകുമെങ്കിലും ഓരോ മനുഷ്യനും ഒരു രൂപം, മുഖം, ആകൃതി, ഘടന, വിരലടയാളം തുടങ്ങിയവയുണ്ടാകും. അതിൽ വ്യത്യാസമുണ്ടായാൽ മറ്റൊരാളാകും. അതുകൊണ്ടാണ് ഓരോരുത്തരേയും തിരിച്ചറിയുവാൻ സാധിക്കുന്നത്. സാർവ്വജനീനമായി അംഗീകരിക്കപ്പെടുന്ന വസ്തുതയാണിത്.

ഭഗവാൻ ശ്രീരാമനും ശ്രീകൃഷ്ണനും രാജാവായിരുന്നു. മനുഷ്യനും അവതാരവുമാകുന്നു. അക്കാലത്തും ധാരാളം മികവുറ്റ ചിത്രകാരന്മാരും ശില്പികളും ഉണ്ടായിരുന്നു.

അക്കാലത്ത് സൂക്ഷിച്ച സപ്തമാവതാര ശ്രീരാമന്റേയും അഷ്ടമാവതാര ശ്രീകൃഷ്ണന്റേയും യാഥാർത്ഥ വിഗ്രഹവും ചിത്രവും ഇപ്പോൾ ലഭ്യമായിരുന്നുവെങ്കിൽ, നിരവധി ശില്പികൾ കൊത്തിയെടുത്ത വ്യത്യസ്ത രൂപവും മുഖവും ദേഹഘടനയും ആകൃതിയുമായി ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയുമെന്ന പേരിൽ ഇപ്പോൾ പ്രചാരത്തിലുള്ള അനേകം ചിത്രങ്ങളേയും വിഗ്രഹങ്ങളേയും ശില്പങ്ങളേയും അംഗീകരിക്കുമായിരുന്നോ?

ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും യഥാർത്ഥ ചിത്രവും വിഗ്രഹവുംപോലും സൂക്ഷിച്ച് നിലനിർത്താത്തതിനാൽ ലഭ്യമല്ലാതിരിക്കേ അവതാര ചരിതത്തിൽ നിന്ദിതമായ കല്പിത കഥകൾ കൂട്ടിച്ചേർത്ത് വികലമാക്കുവാൻ പ്രയാസമെന്ത്?

ഗാന്ധിജിയുടെ യഥാർത്ഥ ചിത്രം ലഭ്യമായതിനാൽ മറ്റേതെങ്കിലും രൂപം വരച്ച് അത് ഗാന്ധിജിയാണെന്ന് കരുതി നിന്ദിക്കേണ്ടതില്ല.

ഈ നിയമം എപ്പോഴും എല്ലാവർക്കും എല്ലാ കാര്യങ്ങൾക്കും ബാധകമാവുന്നു.

യഥാർത്ഥ ജ്യോതിർമണ്ഡല പ്രകാശസ്വരൂപ ദേവവർഗ്ഗ നിയമങ്ങൾ അറിയുക എന്ന മൗലികാവകാശത്തെ ബഹുമാനിക്കുന്നു. ആ സദുദ്ദേശ്യം മാത്രമേയുള്ളൂ.

Read More



ചരിത്രപരമായ തെളിവുകൾ

2004 നവംബർ 2ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ അഗസ്ത്യ മഹാശിവനാഡി തുല്യം വിവേകാനന്ദ പൂർവ്വാവതാര ശാന്തികാണ്ഡത്തിൽ നിന്നും. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

ആദി തമിഴ് ശ്ലോകങ്ങൾ, മലയാള അർത്ഥം, പദാനുപദവിവർത്തനം, വിവരണം.

അരുൾവടിവായ് നിൻട്രിടുവീർ അയ്യൻപാദം (2):1:1.

അടിതൊഴുത് മകൻശാന്തി ദേവിയാനം (2):1:2.

അരുൾവടിവായ്=ദിവ്യസ്വരൂപത്തിൽ, നിൻട്രിടുവീർ=നിലകൊള്ളുന്ന, അയ്യൻ പാദം=അവിട്ടത്തെ തൃപ്പാദങ്ങളിൽ, അടിതൊഴുത്=നമസ്ക്കരിച്ച്, മകൻ ശാന്തി=മകന്റെ ശാന്തികാണ്ഡം , ശാന്തി=ശാന്തികാണ്ഡം അഥവാ പൂർവ്വജന്മകാ

ണ്ഡം (13-ാം കാണ്ഡം), ദേവിയാനം= നാം പാർവ്വതിദേവി, യാൻ=ഞാൻ, നാം.

ദിവ്യസ്വരൂപത്തിൽ (2):1:1:1. **നിലകൊള്ളുന്ന** (2):1:1:2. **അവിടുത്തെ തൃപ്പാദങ്ങളിൽ** (2):1:1:3. **നമസ്ക്കരിച്ച്** (2):1:2:1. **(ശ്ലോകത്തിലുള്ളത് അതേപ്രകാരം ചേർക്കുന്നുവെന്ന് മാത്രം) മകന്റെ ശാന്തികാണ്ഡം (പൂർവ്വജന്മകാണ്ഡം)** (2):1:2:2. **(അറിയിച്ചുതരുവാനായി) നാം പാർവ്വതിദേവി (അങ്ങയോട് അപേക്ഷിക്കുന്നു).** (2):1:2:3.

- പാർവ്വതിദേവി

പാർവ്വതിദേവിയുടെ ദിവ്യവാണികളോടെയാണ് കൽകിയുടെ വിശ്വവിഖ്യാത വിവേകാനന്ദ പൂർവ്വാവതാരത്തെക്കുറിച്ചുള്ള അദ്ധ്യായം ആരംഭിക്കുന്നത്.

മകന്റെ പൂർവ്വജന്മ വൃത്താന്തങ്ങൾ അറിയിക്കണമെന്ന് പാർവതിദേവി ശിവദേവനോട് അപേക്ഷിച്ചു. നാം ദേവി എന്ന് സ്വയം അറിയിച്ചുകൊണ്ടാണ് പാർവതിദേവി ചോദിക്കുന്നത്.

ഇരുൾവാരാ എനൈകേട്ട അൻമ്പുദേവി (2):1:3.
ഇവൻതണക്ക് ഗോപകുമാർ നാമംകണ്ട് (2):1:4.
കണ്ട്പിൻ അഖിലാനന്ദ സ്വാമിയാകി (2):2:1.
കുരിടവേ ദശമാവതാരം കൽകിയിന്നാൾ (2):2:2.

ഇരുൾവാരാ=പ്രകാശിതമായ, എനൈകേട്ട=നമ്മോട് ചോദിച്ച (എന്നോട് ചോദിച്ചു), അൻമ്പുദേവി=പ്രിയദേവി!, ഇവൻതണക്ക്=ഇദ്ദേഹത്തിന്റെ, ഗോപകുമാർനാമംകണ്ട്=(ആദ്യത്തെ) പേര് ഗോപകുമാർ, കണ്ട്പിൻ=അതിനുശേഷം, അഖിലാനന്ദ സ്വാമിയാകി=അഖിലാനന്ദ സ്വാമിയായി, കുരിടവേ=അറിയിക്കുന്നതായ (ഓല വായിക്കുന്ന സന്ദർഭത്തിൽ), ദശമാവതാരം കൽകി=ദശമാവതാരം കൽകി, ഇന്നാൾ=ഈ കാലത്ത് (ഇപ്പോൾ).

പ്രകാശിതമായി (2):1:3:1. **നമ്മോട് ചോദിച്ച** (2):1:3:2. **പ്രിയ ദേവി! (2):1:3:3. ഇദ്ദേഹത്തിന്റെ** (2):1:4:1. **(ആദ്യത്തെ) പേര് ഗോപകുമാർ.** (2):1:4:2,3. **അതിനുശേഷം** (2):2:1:1. **അഖിലാനന്ദസ്വാമിയായി.** (2):2:1:2,3. **അറിയിക്കുന്ന** (2):2:2:1. **ഇപ്പോൾ** (2):2:2:3(2). **ദശമാവതാരം കൽകി.** (2):2:2,3(1).

- സർവ്വാധികാരി പരമഗുരു ശിവദേവൻ

Name : Kalki
Address: Kalkipuri, Edavanappara, Malappuram Dt. - 673645, Kerala.

ശിവദേവൻ പാർവ്വതിദേവിയോട് കൽകിയുടെ പാർവ്വാവതാര വൃത്താന്തങ്ങൾ അറിയിക്കുകയാണ് തുടർന്നുള്ള ശ്ലോകങ്ങളിൽ.

ആദ്യമായി കൽകിയുടെ ഔദ്യോഗിക നാമധേയവും സുപ്രധാന സ്ഥാനവും വ്യക്തമാക്കിയതോടൊപ്പം മുമ്പുണ്ടായിരുന്ന രണ്ട് നാമധേയങ്ങളും ശിവദേവൻ അറിയിച്ചു.

(ചെറുപ്പത്തിൽ മാതാപിതാക്കൾ നൽകിയ) പേര് ഗോപകുമാർ. അതിനുശേഷ(മുള്ള സന്യാസ നാമധേയമാണ്) അഖിലാനന്ദ സ്വാമി. പിന്നീടാണ് കൽകി എന്ന ഔദ്യോഗിക നാമധേയവും ദശമാവതാരം എന്ന സമുന്നത സ്ഥാനവും അറിയിക്കുന്നത്. താളിയോല വായിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ദശമാവതാരം കൽകി.

കൽകി എന്ന പേര് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമ പ്രാബല്ല്യം വരുത്തിയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

കേരള ഗസറ്റ് 1999 ജൂലൈ 6, വോള്യം 44, നമ്പർ 27, പാർട്ട് 4ൽ ഗോപകുമാർ എന്ന ആദ്യത്തെ പേരും ഒപ്പം മാറ്റി അഖിലാനന്ദസ്വാമി എന്ന പേരും

അഗസ്ത്യ മഹർഷി, കൗശികൻ എന്ന വിശ്വാമിത്ര മഹർഷി, വസിഷ്ഠ മഹർഷി തുടങ്ങിയവരുടെ യഥാർത്ഥ ചിത്രം ഇപ്പോൾ ലഭ്യമല്ല.

– കൽകി

പുതിയ ഒപ്പം സ്വീകരിച്ചു. വീണ്ടും കേരള ഗസറ്റ് 2000 ജനവരി 11, വോള്യം 45, നമ്പർ 2, പാർട്ട് 4ൽ അഖിലാനന്ദ സ്വാമി എന്ന പേരും ഒപ്പും മാറ്റി Kalki എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. ഇനിഷ്യലില്ല, Kalki എന്ന പേര് മാത്രമേയുള്ളൂ. ഇപ്പോഴത്തെ നാമധേയം: Kalki.

സാധാരണ നാഡിതാളിയോലകളിൽ ഒരു പേര് മാത്രമാണുണ്ടാവുക. വിളിപ്പേരുകളെ ഔദ്യോഗിക നാമധേയങ്ങളായ് പരിഗണിയ്ക്കുകയില്ല. അതിനു രേഖാമൂലമുള്ള പ്രാബല്ല്യമുണ്ടാകില്ല. എന്നാൽ കൽകിയുടെ പൂർവ്വനാമധേയങ്ങളിൽ ഗോപകുമാർ എന്നത് എസ്എസ്എൽസി പുസ്തകത്തിലും അഖിലാനന്ദ സ്വാമി എന്നതും കൽകി എന്നതും ട്രസ്റ്റ് രേഖകളിലുമുള്ളതാണ്. ഈ മൂന്ന് പേരുകളും കേരള ഗസറ്റ് വിജ്ഞാപനത്തിൽ രേഖാമൂലമുണ്ട്. കേരള ഗസറ്റ് വിജ്ഞാപനത്തിലൂടെ ഇപ്പോഴത്തെ ഔദ്യോഗിക നാമധേയം കൽകി ആകുന്നു എന്നതും രേഖാമൂലം കൃത്യത വരുത്തിയിട്ടുണ്ട്. കൽകിയുടെ നാഡിതാളിയോലകളുടെ കൃത്യതയ്ക്ക് ഇതാവശ്യമാണ്.

2004 നവംബർ 16ന് വായിച്ച അഗസ്ത്യ മഹർഷി എഴുതിയ കൽകിയുടെ മഹാശിവനാഡി സൂക്ഷ്മാൽ സൂക്ഷ്മ കാണ്ഡത്തിൽനിന്നും. ശിവദേവ - പാർവതിദേവി ദിവ്യസംഭാഷണം.

അവതാരം വെളിപ്പെട്ടുമേ എനതരുളാലെ (1):25:2.

അവതാരം വെളിപ്പെട്ടുമേ എനതരുളാലെ = നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും. എനതരുളാലെ = നമ്മുടെ (എന്റെ), അരുളാലെ = (ദിവ്യ) വാണികളാൽ, (അനുഗ്രഹത്താൽ).

നമ്മുടെ ദിവ്യവാണികളാൽ കൽകി അവതാര മാഹാത്മ്യം പ്രസിദ്ധമാകും (1):25:2.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

ഇരുൾനീക്കെ വന്തവനേ (1):27:3:1,2.

ഇരുൾനീക്കെ = അജ്ഞതയകറ്റുവാൻ, വന്തവനേ = വന്നവനേ.

കൽകി അജ്ഞതയകറ്റുവാൻ വന്നവൻ (1):27:3:1,2.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

യഥാർത്ഥ ജ്ഞാനമാണ് അജ്ഞതയിൽപ്പെട്ടുഴലാതെ സംരക്ഷിയ്ക്കുന്നത്. ഇരുട്ടിനെ അകറ്റേണ്ടതില്ല; പ്രകാശമുണ്ടെങ്കിൽ. കൽകി അജ്ഞതയകറ്റുവാൻ വേണ്ടി അവതരിച്ചതാണ്. ശിവദേവൻ കൽകിയോട് നേരിട്ട് അറിയിയ്ക്കുകയാണ്. അവതാര ദൗത്യത്തിലെ സുപ്രധാനമായ ഭാഗമാണിത്.

ഇവിടെ, ഇരുട്ട് എന്നത് അജ്ഞതയെ സൂചിപ്പിയ്ക്കുന്നു. യഥാർത്ഥ ജ്ഞാനംകൊണ്ട് മാത്രമേ അജ്ഞതയിൽ നിന്നും മോചനം ലഭിയ്ക്കൂ. ദേവവർഗ്ഗത്തെ സംബന്ധിച്ച യഥാർത്ഥ ജ്ഞാനമാണ് കൽകിയിൽ നിന്നും ഈ ലോകത്തിന് ലഭിയ്ക്കുന്നത്. ദേവകാര്യാർത്ഥം ഔദ്യോഗിക നിർവ്വഹണം പൂർത്തിയാക്കുകയാണ് കൽകി അവതാരം.

ചൈതന്യ മാഹാത്മ്യം

ശിന്തൈമേലായ് (1):6:1:3.
കനിവ്ഗുണം കൊണ്ടവനെ തിറമൈമേലായ് (1):6:2.
ഉണ്ട്താൻ മാളവനിൻ അരുളുംകാപ്പും (1):6:3.

ശിന്തൈമേലായ്=അത്യുന്നതമായ ചിന്താശക്തിയുള്ള, ശിന്തൈ=ചിന്തകൾ, മേലായ്=അത്യുന്നതമായ, കനിവ്ഗുണം കൊണ്ടവനെ തിറമൈമേലായ്=സൽസ്വഭാവിയും അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ളവനെ, കനിവ്ഗുണം=സൽസ്വഭാവം, കൊണ്ടവനേ=അങ്ങനെയുള്ളവനേ, ഉണ്ട്താൻ മാളവനിൻ അരുളുംകാപ്പും=(ജ്യോതിർമണ്ഡല വിഷ്ണുലോക പ്രകാശ സ്വരൂപ) സംരക്ഷണാധികാരി വിഷ്ണുദേവന്റെ അനുഗ്രഹവും ദിവ്യവാണികളും സംരക്ഷണവുമുണ്ട്, മാളവൻ=വിഷ്ണുദേവൻ, അരുളും=അനുഗ്രഹവും ദിവ്യവാണികളും, കാപ്പും=സംരക്ഷണവും.

അത്യുന്നതമായ ചിന്താശക്തിയും (വിവേകവും)(1):6:1:3. **സൽസ്വ ഭാവവും** (1):6:2:1. **അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ളവനേ!** (1):6:2:2,3. **വിഷ്ണുദേവന്റെ ദിവ്യവാണികളും സംരക്ഷണവുമുണ്ട്.** (1):6:3.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

സർവ്വശ്രേഷ്ഠമായ വിവേകത്താൽ അത്യുന്നതമായ ചിന്താശക്തിയും സത്സ്വ ഭാവവും അത്യുൽകൃഷ്ടമായ കാര്യപ്രാപ്തിയുമുള്ള കൽകിയ്ക്ക് (ജ്യോതിർമണ്ഡല വിഷ്ണുലോക പ്രകാശ സ്വരൂപ) വിഷ്ണുദേവന്റെ ദിവ്യാനുഗ്രഹവും ദിവ്യവാണിക ളും സംരക്ഷണവുമുണ്ട്. സർവ്വാധികാരി പരമഗുരു ശിവദേവൻ അനുഗ്രഹിച്ചു കൊണ്ട് "കാര്യപ്രാപ്തിയുമുള്ളവനേ" എന്ന സംബോധനയോടെ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്.

ഉമയവളും എന്തനയും അറിന്തവൻനീ (1):6:4.
അറിന്തവനേ പരിപൂരണ ആശിയുണ്ട് (1):7:1.

ഉമയവളും എന്തനയും=ഉമയായ പാർവ്വതിദേവിയേയും ശിവദേവനായ എന്നേ യും (നമ്മേയും), അറിന്തവൻനീ=സാക്ഷാത്ക്കരിച്ചവൻ നീ! (കൽകിയ്ക്ക് ഈശ്വ രസാക്ഷാത്ക്കാരം ലഭിച്ചിട്ടുണ്ട്), അറിന്തവനേ= അങ്ങനെ സാക്ഷാത്ക്കാരം ലഭിച്ചിട്ടുള്ള കൽകിയ്ക്ക്, പരിപൂരണ ആശിയുണ്ട്=പരിപൂർണ്ണമായ അനുഗ്രഹമു ണ്ട്.

പാർവ്വതിദേവിയേയും നമ്മേയും സാക്ഷാത്ക്കരിച്ചവൻ നീ! (കൽകി) (1):6:4. **അപ്രകാരം സാക്ഷാത്ക്കരിച്ചവനേ!** (1):7:1:1. **പരിപൂ ർണ്ണമായ അനുഗ്രഹമുണ്ട്.**(1):7:1:2,3.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

പാർവ്വതിദേവിയേയും ശിവദേവനേയും സാക്ഷാത്ക്കരിച്ച (സമുന്നത സ്ഥാനാ ധികാരപ്രകാരം ദേവവർഗ്ഗത്തിൽനിന്നുമുള്ള ഔദ്യോഗിക അനുവാദമുള്ള) കൽകി ഈശ്വര സാക്ഷാത്ക്കാരവും ദൈവീക പ്രാപ്തിയും കൈവരിച്ചിട്ടുണ്ട്. കൽകിയ്ക്ക് സർവ്വദാ പരിപൂർണ്ണമായ അനുഗ്രഹമുണ്ടെന്നും ശിവദേവൻ അരുളി ചെയ്തു.

"പാർവ്വതി ദേവിയേയും നമ്മേയും സാക്ഷാത്ക്കരിച്ചവൻ നീ!" എന്ന് സർവ്വാധികാരി പരമഗുരു ശിവദേവൻ വാത്സല്ല്യത്തോടെ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്.

പരീക്ഷയിൽ ജയിച്ചുവെന്ന് സ്വയം പറയുന്നതിനേക്കാൾ അധികൃതർ അനുവദിക്കുന്ന സർട്ടിഫിക്കറ്റിനാണ് അംഗീകാരമെന്നതുപോലെ ശിവദേവനേയും പാർവ്വതിദേവിയേയും കൽകി സാക്ഷാത്ക്കരിച്ചിട്ടുണ്ടെന്ന് ശിവദേവൻ നേരിട്ട് അറിയിച്ചത് വളരെയേറെ പ്രാധാന്യം അർഹിക്കുന്നതും, 2003ൽ നടത്തിയ സ്വർണ്ണപ്രശ്നത്തിലും താംബൂലപ്രശ്നത്തിലും തെളിഞ്ഞപ്രകാരം കൽകിയിൽ കുടികൊള്ളുന്ന സ്വയംഭൂ ചൈതന്യത്തേയും ത്രിമൂർത്തി ചൈതന്യത്തേയും സംബന്ധിച്ച ആധികാരിക ഔദ്യോഗിക തെളിവുകൂടിയാകുന്നു.

പടൈത്തിട്ടാൻ മാളവനും ഉനക്കുൾഇപ്പം (1):15:4.
ഉനക്കുള്ളെ നാൻഇരുക്കേൻ ദേവിക്കുടെ (1):16:1.

പടൈത്തിട്ടാൻ=കുടികൊള്ളുന്നു, മാളവനും ഉനക്കുൾഇപ്പം=വിഷ്ണുദേവനും നിന്നിൽ (കൽകിയിൽ) സദാ കുടികൊള്ളുന്നു, ഉനക്കുള്ളെ=നിനക്കുള്ളിൽ (കൽകിയിൽ), നാൻ=ഞാൻ, നാം (ശിവദേവൻ), ഇരുക്കേൻ=കുടികൊള്ളുന്നു, ദേവിക്കുടെ=പാർവ്വതിദേവിയോടൊപ്പം.

വിഷ്ണുദേവനും, (1):15:4:2. **നാം പാർവ്വതി സമേതനായും** (1):16:1:2,3. **നിന്നിൽ (കൽകിയിൽ) സദാ കുടികൊള്ളുന്നുണ്ട്.** (1):15:4:3-16:1:1.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

സംരക്ഷണാധികാരി വിഷ്ണുദേവൻ പൂർണ്ണസ്വരൂപത്തിൽ കൽകിയിൽ കുടികൊള്ളുന്നുണ്ടെന്ന് *(പടൈത്തിട്ടാൻ മാളവനും ഉനക്കുൾഇപ്പം)* ശിവദേവൻ കൽകിയോട് തന്നെ നേരിട്ട് അറിയിക്കുകയാണ്. ഭക്തർക്കെന്നും അഭിമാനിക്കാവുന്ന ദേവരഹസ്യമാണ് ശിവദേവൻ അറിയിച്ചത്.

ചൈതന്യ സ്വരൂപനായ വിഷ്ണുദേവനാണ് കൽകിയിൽ കുടികൊള്ളുന്നത്. സംരക്ഷണാധികാരി വിഷ്ണുദേവന്റെ ദിവ്യത്വമാണ് കൽകിയുടെയും ദിവ്യത്വത്തിനു

ള്ള അടിസ്ഥാനം.

സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതീ സമേതനായി പൂർണ്ണസ്വരൂപത്തിൽ കൽകിയിൽ സദാ കുടികൊള്ളുന്നുണ്ടെന്ന് *(ഉനക്കുള്ളെ നാൻഇരുക്കേൻ ദേവിയുടെ)* ശിവദേവൻ കൽകിയോട് തന്നെ നേരിട്ട് അറിയിക്കുകയാണ്.

പൂർണ്ണചൈതന്യസ്വരൂപനായ സർവ്വാധികാരി പരമഗുരു ശിവദേവൻ പാർവ്വതിദേവിയോടൊപ്പമാണ് കൽകിയിൽ കുടികൊള്ളുന്നത്.

ഔദ്യോഗികമായി, സ്ഥാനാധികാരപ്രകാരം നിർവ്വഹണം എന്നതിനാകുന്ന പ്രാധാന്യം. ആയതിന് അനുവാദമുണ്ട് എന്ന് വ്യക്തം.

കൽകിപുരി ക്ഷേത്ര മാഹാത്മ്യവും വെളിപ്പെടുത്തുകയാണ് ശിവദേവൻ. ഭക്തർക്ക് അനുഗ്രഹങ്ങളും ദിവ്യാനുഭവങ്ങളും ദർശനങ്ങളും മഹാത്ഭുതങ്ങളോടെ ലഭിയ്ക്കുന്നതിന്റെ സ്രോതസ്സ് വെളിപ്പെടുത്തുകയാണ് ശിവദേവൻ.

കൽകിയ്ക്ക് അവതാരദൗത്യം പൂർത്തിയാക്കുന്നതിന് ദേവകൽനിന്നുമുള്ള ആവശ്യമായ എല്ലാ ഔദ്യോഗിക അനുവാദങ്ങളുമുണ്ട് എന്ന് വ്യക്തമാക്കുകയാണ് ശിവദേവൻ.

ശാതിമതം കടന്ത്താൻ യേഹംഎൻട് (1):8:4.
യേഹംഎൻട് വിളങ്കീട്ടുമേ കരുണയാലേ (1):9:1.

ശാതിമതം=ജാതിമതങ്ങൾക്ക്, കടന്ത്താൻ=അതീതമായി, യേഹംഎൻട്=ഏകത്വത്തിൽ നിലകൊള്ളുന്ന, യേഹംഎൻട്=ഏകത്വത്തിൽ (അദ്വൈതം), വിളങ്കീട്ടുമേ=പ്രശോഭിതമായി നിലകൊണ്ട് പ്രചുരപ്രചാരത്തോടെ പ്രസിദ്ധമായി സ്വയം ബഹുമാനിതമാകും, കരുണയാലേ =കൃപയാൽ.

ജാതിമതങ്ങൾക്കതീതമായ ഏകത്വത്തിലാണ് (കൽകി) നിലകൊള്ളുന്നത്. കൃപയാൽ ഏകത്വത്തിൽ പ്രശോഭിതമായി നിലകൊണ്ട് (കൽകി) പ്രചുരപ്രചാരത്തോടെ പ്രസിദ്ധമായി സ്വയം ബഹുമാനിതമാകും, പ്രകീർത്തിതമായിത്തീരും. (1):8:4.

- സർവ്വാധികാരി പരമഗുരു ശിവദേവൻ

ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച കൽകി ജാതി മതങ്ങൾക്കതീതമായി എല്ലാ

മാകുന്ന ഏകത്വത്തിലാണ് നിലകൊള്ളുന്നത്. (പരബ്രഹ്മം സ്വയം എല്ലാമായ് നിലകൊള്ളുന്ന എന്ന വ്യക്തതയിലാണ് കൽകി നിലകൊള്ളുന്നത്). ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു.

ഭിന്നമല്ല എങ്കിലും പരബ്രഹ്മം സ്വയം സൃഷ്ടിയായ് നിലകൊള്ളുന്നതിനായി ഭിന്നം എന്ന തലത്തിൽ നിലകൊള്ളുകയാണെന്നും ഭിന്നമല്ലെന്നും അറിയുക. ഭാരത സംസ്ക്കാരത്തിന്റെ, സനാതന ധർമത്തിന്റെ, ഹിന്ദുമതത്തിന്റെ സവിശേഷ ദർശനമായ എല്ലാം ആകുന്ന ഏകത്വത്തിലാണ് (അദ്വൈതത്തിൽ) കൽകി നിലകൊള്ളുന്നതും കേന്ദ്രീകരിക്കുന്നതും.

കൃപയാൽ ഏകത്വത്തിൽ (അദ്വൈതത്തിൽ) പ്രശോഭിതമായി നിലകൊണ്ട് കൽകി പ്രചുരപ്രചാരത്തോടെ പ്രസിദ്ധനും ബഹുമാനിതനുമായി ഈ ലോകത്തിൽ പ്രകീർത്തിതമായിത്തീരും. ശിവദേവൻ പാർവ്വതി ദേവിയോട് അറിയിച്ചു.

Genetic. Organize. Protect [G.O.P. (ജനിതകം, ക്രമം, സംരക്ഷ.)] എന്നതിനായി ജ്യോതിർമണ്ഡലത്തിൽ സമുന്നത സ്ഥാനാധികാരങ്ങളോടെ നിലകൊള്ളുന്ന ദേവവർഗ്ഗത്തെ വസ്തുതാപരമായി സ്വീകരിച്ചുകൊണ്ട് പരബ്രഹ്മം സ്വയം എല്ലാമായ് നിലകൊള്ളുന്ന എന്ന ഏകത്വത്തിൽ കൽകി നിലകൊള്ളുന്നു.

പ്രകാശസ്വരൂപത്തിൽ (പഞ്ചഭൂതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി (Supreme Genetic Authority) ബ്രഹ്മദേവനും, സർവ്വാധികാരി പരമഗുരു (Supreme Organizing Authority and Supreme Preceptor) ശിവദേവനും, സംരക്ഷണാധികാരി (Supreme Protection Authority) വിഷ്ണുദേവനും ആകുന്ന കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാ മുറി) ആരാധനാ ദേവന്മാർ എന്നത് ഇവിടെ പ്രത്യേകമായി ചേർക്കുന്നു.

കൽകിപുരി ക്ഷേത്ര മാഹാത്മ്യം

സിറന്തോങ്കും ആളയമും സേവൈമേലായ് (1):18:4.
മേലോറിൻ ഉദവികളും കിട്ടിയിൻമ്പം (1):19:1.
മെച്ചുംപടി അമൈതിതടം ഗിരിയിൻപക്കം (1):19:2.
ശീലമുടൻ തുവക്കങ്കൾ നിറൈവുംനൻട്രായ് (1):19:3.

സിറന്തോങ്കം=പ്രത്യേകമായി വർദ്ധിച്ചതോതിൽ, ആളയമും=ദേവാലയം (കൽകിപുരി ക്ഷേത്രം), സേവൈമേലായ് മേലോറിൻ=ഉന്നതസ്ഥാനീയരുടെ സേവനങ്ങളും, ഉദവികളും=സഹായങ്ങളും, കിട്ടിയിൻമ്പം=സ്വീകാര്യതയോടെ ലഭിച്ച്, മെച്ചുംപടി=ഐശ്വര്യവത്തായി, അമൈതിതടം= പ്രശാന്തവുമായ സ്ഥലത്ത്, ഗിരിയിൻപക്കം=കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള, ശീലമുടൻ=ദിവ്യവും, തുവക്കങ്കൾ നിറൈവും നൻട്രായ്= നല്ലരീതിയിൽ ആരംഭിച്ച് പൂർത്തിയാകും.

ദേവാലയത്തിൽ (കൽകിപുരി ക്ഷേത്രം) (1):18:4:2. **ഉന്നതസ്ഥാനീയരുടെ** (1):19:1:1. **അത്യുന്നതമായ സേവനങ്ങളും** (1):18:4:3. **സഹായങ്ങളും** (1):19:1:2. **പ്രത്യേകമായി വർദ്ധിച്ചതോതിൽ** (1):18:4:1. **സ്വീകാര്യതയോടെ ലഭിച്ച്** (1):19:1:3. **ഐശ്വര്യവത്തായി** (1):19:2:1. **കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള** (1):19:2:3. **ദിവ്യവും** (1):19:3:1. **പ്രശാന്തവുമായ സ്ഥലത്ത്** (1):19:3:2. **നല്ല രീതിയിൽ ആരംഭിച്ച് പൂർത്തിയാകും.** (1):19:3:2,3.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

Kalkipuri Temple

Kalkipuri®

2020

◆ Sreekovil ◆ Prayer Hall ◆ 18 Steps

2001

◆ ശ്രീകോവിൽ ◆ പ്രാർത്ഥനാ മണ്ഡപം ◆ 18 പടികൾ

കൽകിപുരി ക്ഷേത്രത്തെക്കുറിച്ചാണ് ശിവദേവൻ അറിയിക്കുന്നത്. ദേവാലയത്തിൽ (കൽകിപുരി ക്ഷേത്രം) ഉന്നതസ്ഥാനീയരുടെ അത്യുന്നതമായ സേവനങ്ങളും സഹായങ്ങളും പ്രത്യേകമായി വർദ്ധിച്ചതോതിൽ സ്വീകാര്യതയോടെ ലഭിച്ച് ഐശ്വര്യവത്തായി ജന്മദേശത്തെ കുന്നിൻമുകളിനോട് ചേർന്നിടത്തുള്ള ദിവ്യവും പ്രശാന്തവുമായ സ്ഥലത്ത് നല്ല രീതിയിൽ ആരംഭിച്ച് പൂർത്തിയാകും.

കൽകിപുരി ക്ഷേത്രം : നട തുറക്കൽ : പുലർച്ചെ മൂന്ന് മണി മുതൽ രാത്രി 10 മണി വരെ. ജാതി മത ലിംഗ പ്രായ വർണ്ണ ദേശ ഭേദമന്യേ ഭക്തർക്ക് വൃത്തിയോടെ 18 പടികൾ കയറി കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) പാർത്ഥനാ മണ്ഡപത്തിൽ നിന്ന് ദേവങ്കൽ നിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച പോകാം. [24:(1) ൽനിന്നും: കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)]

ദേവവർഗ്ഗം സങ്കൽപ്പമല്ല. പരബ്രഹ്മം സ്വയം ആവിർഭവിച്ച് (സ്വയംഭൂ) പ്രകാശ സ്വരൂപത്തിൽ (പഞ്ചഭൂതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി (Supreme Genetic Authority) ബ്രഹ്മദേവനും, സർവ്വാധികാരി പരമ ഗുരു (Supreme Organizing Authority and Supreme Preceptor) ശിവദേവനും, സംരക്ഷണാധികാരി (Supreme Protection Authority) വിഷ്ണുദേവനും ആകുന്ന കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) ആരാധനാ ദേവന്മാർ. ദേവങ്കൽ, ദേവകാര്യം, ദേവവർഗ്ഗം, ദേവഹിതം, ദേവഭാഗം, ദേവസ്മരണ, ദേവൻ, ദേവന്മാർ, ഈശ്വരൻ, ദൈവം, ദൈവങ്ങൾ എന്നും ഉദ്ദേശിക്കുന്നത് ഇതാകുന്നു. [24:(4): കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)].

ജാതി മത സ്ത്രീ പുരുഷ പ്രായഭേദമന്യേ യാതൊരു വിവേചനങ്ങളുമില്ലാതെ ദേവങ്കൽനിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി ഭക്തർ വന്ന് സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച പോകുന്നതാണ് കൽകിപുരി ക്ഷേത്രത്തിലെ ആരാധനാ രീതി. [24:(5): കൽകിപുരി ക്ഷേത്ര നിയമങ്ങൾ. കൽകിയുടെ ഒസ്യത്ത് (രജി.നമ്പർ: 1/3/2020)]. കൂടുതൽ വായിക്കുക: https://www.kalkipuri.com/rules-ml/.

സിറപ്പുതാൻ അയൽദേശ മക്കളുക്കും (1):19:4:1,2,3.

സിറപ്പുതാൻ=സദ്ഫലങ്ങൾ പ്രദാനംചെയ്യും, അയൽദേശ= വിദേശരാജ്യങ്ങളിലുള്ള, മക്കളുക്കും=ഭക്തർക്കും വിശ്വാസികൾക്കുമല്ലാം.

വിദേശങ്ങളിലുള്ള ഭക്തർക്കും സദ്ഫലങ്ങൾ പ്രദാനംചെയ്യും. (1):19:4.

– സർവ്വാധികാരി പരമഗുരു ശിവദേവൻ

മക്കളുക്കും ഉൻസേവൈ പ്രബല്ല്യങ്കൾ (1):20:1.
മഹിലന്തിട്ടുവർ ഉൻകരുണൈ തന്നാൽതാണൈ (1):20:2.
തക്കതൊരു സീഡർകളും അൻമ്പിനോട് (1):20:3.
ധരണിയെല്ലാം പുകൾപരവും കാലംപിന്നെ (1):20:4
കാലംപിൻ ഏറ്റ്കിൻടൈൻ ദീപങ്ങളി (1):21:1.
കണ്ടിട്ടുവായ് അതന്നുളൈള രൂപംതോൻട്ടും (1):21:2.

മക്കളുക്കും=ഭക്തരെല്ലാം, ഉൻസേവൈ പ്രബല്ല്യങ്കൾ=പ്രബലതയോടെ നിന്നെ(കൽകിയെ) ആരാധിച്ചും, മഹിലന്തിട്ടുവർ=വർദ്ധിച്ച താൽപ്പര്യത്തിൽ, ഉൻകരുണൈ തന്നാൽതാണൈ=നിന്റെ(കൽകിയുടെ) ദിവ്യമായ കൃപയാൽ, തന്നാൽതാണൈ=അതിനാൽ തന്നെ, തക്കതൊരു=സർവ്വശ്രേഷ്ഠമായി, സീഡർകളും=ഭക്തർക്കെല്ലാം, അൻമ്പിനോട്=സ്വീകാര്യമായി, ധരണിയെല്ലാം=ലോകമെങ്ങും, പുകൾപരവും=കൽകി പ്രസിദ്ധമാകുന്ന, കാലംപിന്നെ=കാലമുണ്ട്, കാലംപിൻ=മുൻശ്ലോകത്തിന്റെ തുടർച്ചാപദം മാത്രമായതിനാൽ ഇവിടെ പ്രത്യേകിച്ച് അർത്ഥമില്ല, ഏറ്റ്കിൻടൈൻ ദീപങ്ങളി കണ്ടിട്ടുവായ് അതന്നുളൈള രൂപംതോൻട്ടും=ഭക്തർക്ക് ദർശനം ലഭിക്കും.

ഭക്തരെല്ലാം (1):20:1:1. **വർദ്ധിച്ച താൽപ്പര്യത്തിൽ** (1):20:2:1. **പ്രബലതയോടെ നിന്നെ (കൽകിയെ) ആരാധിച്ചും,** (1):20:1:2,3. **നിന്റെ (കൽകിയുടെ) ദിവ്യമായ കൃപയാൽ** (1):20:2:2,3. **സർവ്വശ്രേഷ്ഠതകളോടും കൂടി ഭക്തർക്കെല്ലാം സ്വീകാര്യവുമായി** (1):20:3:1,2,3. **ലോകമെങ്ങും** (1):20:4:1. **(കൽകി) പ്രസിദ്ധമാകുന്ന** (1):20:4:2. **കാലമുണ്ട്.** (1):20:4:3. **ഭക്തർക്ക് ദർശനം ലഭിക്കും.**

– സർവ്വാധികാരി പരമഗുരു ശിവദേവൻ

ജ്യോതിർമണ്ഡല (ബ്രഹ്മലോക–ശിവലോക–വിഷ്ണുലോക) പ്രകാശസ്വരൂപ ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ല.

kalkipuri.com

Kalkipuri

ലോകമെങ്ങും (കൽകി) പ്രസിദ്ധമാകുന്ന കാലമുണ്ട്. സർവ്വാധികാരി പരമഗുരു ശിവദേവൻ കൽകിയോട് നേരിട്ട് അറിയിക്കുകയാണ്. ലോകമെങ്ങുമുള്ള ഭക്തർക്ക് ദിവ്യാനുഭവങ്ങളും അനുഗ്രഹവും സംരക്ഷണവും ലഭിയ്ക്കും. കൽകിപുരി ക്ഷേത്ര മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു.

(പുനർജന്മം ചരിത്രപരമായ തെളിവുകൾ എന്ന പുസ്തകത്തിൽ നിന്നും.)

ഓൺലൈൻ ലിങ്ക് : https://www.kalkipurana.com/ml/notes/

YouTube Videos

കൽകിപുരി ക്ഷേത്ര നിർമ്മാണം

കൽകിപുരി ക്ഷേത്ര താഴികക്കുടത്തിന്റെയും, 10x10 അടി പ്രാർത്ഥനാ മണ്ഡപത്തിന്റെയും നിർമ്മാണവും, 18 പടികളിൽ ശിലകൾ പതിക്കലും, കൽകിപുരി (ഹൗസ്) എന്ന മനുഷ്യാലയത്തിന്റെ പൊളിച്ചുനീക്കലും.

ചൈതന്യം ജ്യോതിഷത്തിൽ തെളിഞ്ഞു

2003 ഏപ്രിൽ 7നും 8നും നടത്തിയ സ്വർണ്ണപ്രശ്നത്തിലേയും & 2003 ജൂൺ 20ന് നടത്തിയ താംബൂലപ്രശ്നത്തിലേയും പ്രസക്ത ഭാഗങ്ങൾ.

Kalki Purana by Agastya

അഗസ്ത്യ മഹർഷി എഴുതിയ യഥാർത്ഥ കൽകി പുരാണം. ശിവദേവ-പാർവതി ദേവി ദിവ്യസംഭാഷണം. മൂല സംസ്കൃത താളിയോലകൾ ഇപ്പോൾ ലഭ്യമല്ല. ആദി തമിഴ് വിവർത്തനം നാഡി താളിയോലകൾ എന്നും നാഡി ജ്യോതിഷം എന്നും അറിയപ്പെടുന്നു. തമിഴ്നാട്ടിലെ വൈത്തീശ്വരൻകോവിൽ എന്ന സ്ഥലത്താണ് നാഡി താളിയോലകളുടെ സൂക്ഷിപ്പ് കേന്ദ്രം.

കൽകിപുരി ക്ഷേത്ര നിയമങ്ങൾ

Kalki

ജ്യോതിർമണ്ഡല ബ്രഹ്മലോക ശിവലോക വിഷ്ണുലോക പ്രകാശസ്വരൂപ യഥാർത്ഥ ദേവവർഗ്ഗ നിയമങ്ങൾ Kalki വെളിപ്പെടുത്തുന്നു. വാഴക്കാട് സ.റ.ആ.ൽ 1/3/2021-ാം നമ്പരായി രജിസ്റ്റർ ചെയ്ത കൽകിയുടെ ഒസ്യത്തിലും ആയതിലെ 23ഉം 24ഉം വകുപ്പുകളിൽ പ്രത്യേകമായി രേഖപ്പെടുത്തിയതും കൽകിപുരി ക്ഷേത്രത്തിൽ നടപ്പാക്കിയതുമാകുന്ന താഴെ കൊടുത്ത കൽകിപുരി ക്ഷേത്ര നിയമങ്ങൾ.

ആമുഖം

23. മേപ്പടി ഒസ്യത്തിലെ ഒന്നാം നമ്പരിൽ കൊടുത്തപ്രകാരം:-

A. ഭാരതത്തിൽ, കേരളത്തിലെ മലപ്പുറം ജില്ല കൊണ്ടോട്ടി താലൂക്കിൽ (മുമ്പ് ഏറനാട് താലൂക്കിൽ ഉൾപ്പെട്ടത്) എടവണ്ണപ്പാറ എന്ന ജന്മദേശത്ത് Kalki എന്ന എന്റെ മാത്രം പരിപൂർണ്ണ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള കൽകിപുരി എന്ന 58.472 സെന്റ് സ്ഥലത്താണ് 2001ൽ ഞാൻ സ്ഥാപിച്ച എന്റെ പ്രാർത്ഥനാ മുറി (കൽകിപുരി ക്ഷേത്രം) സ്ഥിതി ചെയ്യുന്നത്.

B. 07.05.2001 ൽ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച നിർമ്മാണ അനുമതിപ്രകാരം (BRL No.52/2001-02. Revised Plan: BRL No.

286/2001-02) ആരംഭിച്ച് പൂർത്തീകരിച്ചതിൻ ഫലമായി 11.01.2002 ന് വാഴക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും VP 8/210B (പുതിയ നമ്പർ VP 11/7A) എന്ന നമ്പർ കൽകിപുരി എന്ന ഞാൻ പേരിട്ട എന്റെ വീടിനും പ്രാർത്ഥനാ മുറിയ്ക്കും കൂടി ലഭിച്ചു.

C. വാഴക്കാട് ഗ്രാമപഞ്ചായത്തിൽനിന്നും 30.04.2002ന് കൽകിപുരി ക്ഷേത്ര താഴികക്കുട നിർമ്മാണത്തിനായി സമർപ്പിച്ച അഡീഷനൽ പ്ലാനിന് (BRL No. 41/2002-03) അനുമതി ലഭിച്ചതിൻപ്രകാരം 2003 ൽ ഞാൻ ആയതിന് ശ്രമിയ്ക്കവേ മേപ്പടി ഒന്നാം നമ്പരിലും അഞ്ചാം നമ്പരിലും കൊടുത്ത പ്രകാരം അച്ഛന്റെ ജ്യേഷ്ഠന്റെ മക്കൾ 1720/2001-ാം നമ്പർ കൃത്രിമ ആധാരം ചമച്ച് വിറ്റ സ്ഥലത്ത് വീണ്ടും അവകാശമുണ്ടെന്ന ദുരുദ്ദേശ്യ വാദവുമായി കൽകിപുരി ക്ഷേത്ര താഴികക്കുട നിർമ്മാണം തടസ്സപ്പെടുത്തുകയും, പിന്നീട് പ്രസ്തുത കേസിൽ 16.08.2008 ന് ഞാൻ വിജയിയ്ക്കുകയും ചെയ്തെങ്കിലും നിർമ്മാണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ വീണ്ടും അഡീഷനൽ പ്ലാനിന്റെ അനുമതി വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും ലഭിയ്ക്കുന്നതിന് വേണ്ടി 09.07.2009 ന് അപേക്ഷിയ്ക്കുകയും 15.06.2010 ന് ആയത് അനുവദിയ്ക്കുകയും (No.G4012/10) ചെയ്തു.

D. തുടർന്ന്, 2013 മാർച്ച് 7ന് പുതുക്കിയ താഴികക്കുട നിർമ്മാണത്തിനുള്ള ബിൽഡിംഗ് പെർമിറ്റ് വീണ്ടും റിന്യൂ ചെയ്തു. 2016 ഫിബ്രവരി 5ന് താഴികക്കുട നിർമ്മാണം ആരംഭിച്ച് 2016 ജൂലായ് 8ന് പൂർത്തിയാക്കി. 2016 ആഗസ്റ്റ് 3ന് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചു. തുടർന്ന്, ഡോ. ഷൈൻ. സി. ചിന്നൻ (shinebuilders.com) അനുവദിച്ച സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സെർട്ടിഫിക്കറ്റും നിയമപ്രകാരം ഉൾപ്പെടുത്തിയിരുന്നു. 2016 സപ്തംബർ 8ന് വാഴക്കാട് ഗ്രാമപഞ്ചായത്ത് കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചു.

E. തുടർന്ന് 2017 ൽ, കൽകിപുരി എന്ന എന്റെ വീട് (മനുഷ്യാലയം) പൂർണ്ണ

മായും പൊളിച്ച് ഒഴിവാക്കി. അതിനുശേഷം, മുമ്പുണ്ടായിരുന്ന കൽകിപുരി എന്ന പേരിലുള്ള എന്റെ വീടിന്റെ തറ വിസ്തീർണ്ണം കുറച്ച് ഇപ്പോൾ അവ ശേഷിക്കുന്ന എന്റെ പ്രാർത്ഥനാ മുറിയുടെ (കൽകിപുരി ക്ഷേത്രം) തറ വിസ്തീർണ്ണത്തിന്റെ മാത്രം നികുതി അടക്കുന്നതിന് വേണ്ടി വാഴക്കാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് 18.08.2017ന് ഞാൻ നൽകിയ അപേക്ഷ സ്വീകരിച്ച് ആയത് അനുവദിക്കുകയും അതിൻപ്രകാരം നിലവിലുള്ള എന്റെ പ്രാർത്ഥനാ മുറിയുടെ (കൽകിപുരി ക്ഷേത്രം) മാത്രം തറ വിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതി 16.01.2018ന് അടയ്ക്കുകയും ചെയ്തു.

F. ഞാൻ ഈ വിൽപത്രം തയ്യാറാക്കുമ്പോൾ കൽകിപുരിയിൽ എന്റെ ഉടമസ്ഥതയിൽ VP 11/7B എന്ന നമ്പറിലുള്ള മൂന്ന് മുറികളുള്ള ഒരു ഓഫീസ് കെട്ടിടവും VP 11/7C എന്ന നമ്പരിൽ ഞാൻ താമസിക്കുന്ന 10x10 ന്റെ മുറിയുമുണ്ട്. അത് സംബന്ധിച്ച എന്റെ തീരുമാനം ഈ ഒസ്യത്തിന്റെ 25-ാം വകുപ്പിൽ കൊടുത്തിട്ടുണ്ട്.

kalkipuri.com

Kalki (1998ൽ 28 –ാം വയസ്സിൽ എടുത്ത ചിത്രം)

കൽകിപുരി ക്ഷേത്ര നിയമങ്ങൾ

24. കൽകി ക്ഷേത്ര നിയമങ്ങൾ താഴെ കൊടുക്കുന്നു:-

24: 1) കൽകിപുരി ക്ഷേത്രം : നട തുറക്കൽ : 3 am to 10 pm (പിന്നീട് ദിവസം മുഴുവൻ ക്ഷേത്ര നട തുറക്കുന്നതാണ്). ജാതി മത ലിംഗ ആർത്തവ പുല പ്രായ വർണ്ണ ദേശ ഭേദമന്യേ ഭക്തർക്ക് വൃത്തിയോടെ 18 പടികൾ കയറി കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) പ്രാർത്ഥനാ മണ്ഡപത്തിൽ നിന്ന് ദേവങ്കൽ നിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണ ത്തിനും വേണ്ടി സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച് പോകാം.

24: 2) സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിക്കുക എന്നതിന് വളരെയധികം പ്രാധാന്യമുണ്ട്. തന്റേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും, രാഷ്ട്ര ത്തിന്റേയും, ലോകത്തിന്റെയും, കൂടാതെ താനുമായി മിത്രതയുള്ളവരുടേ യും നന്മയ്ക്കും, ജീവിത പുരോഗതിയ്ക്കും, രോഗാദി ദുരിതങ്ങളിൽ നിന്നുമുള്ള മോചനത്തിനും, സമസ്ത ജീവിത ഐശ്വര്യത്തിനും, വിവാഹം, തൊഴിൽ മുതലായ എല്ലാ ജീവിതാവശ്യങ്ങൾക്കുമുള്ള അനുഗ്രഹവും സംരക്ഷണവും ദേവങ്കൽനിന്നും അനുവദിയ്ക്കുന്നതിന് വേണ്ടിയുള്ള ഒരു ഭക്തന്റേയോ ഭക്തയു ടേയോ പ്രാർത്ഥനയാകുന്ന സദുദ്ദേശ്യപരമായ പ്രാർത്ഥന.

24: 3) മേപ്പടി 24 (2) ൻറെ വിശദീകരണം താഴെ കൊടുക്കുന്നു:-

A. ദുരുദ്ദേശ്യപരമായ അഥവാ തനിയ്ക്കും മറ്റുള്ളവർക്കും ഉപദ്രവവും പ്രയാസങ്ങ ളും ദു:ഖങ്ങളും സങ്കടങ്ങളും നഷ്ടങ്ങളും ആപത്തുകളും അപകടങ്ങളും തകർച്ച യും രോഗാദി ദുരിതങ്ങളും തുടങ്ങിയ യാതൊന്നും സംഭവിയ്ക്കുന്നതിനും വന്നു ഭവിയ്ക്കുന്നതിനും ഇടയാകുന്നവിധത്തിലുള്ള യാതൊരുവിധ കാര്യങ്ങളും കൽകിപുരി ക്ഷേത്രത്തിൽ വന്നും കൽകിപുരി ക്ഷേത്ര ദേവങ്കൽ എന്ന് ഉദ്ദേ ശിച്ച് ലോകത്തിലെ യാതൊരിടത്തിൽ നിന്നും സ്ഥലത്തു നിന്നും ഭാഗത്ത് നിന്നും പ്രാർത്ഥിയ്ക്കുവാൻ പാടില്ല. ആയതിന് ദേവങ്കൽ നിന്നും ആർക്കും അനുവാദമില്ല. എന്നാൽ നീതി നിഷേധവും അതിക്രമവും ചതിയുമുണ്ടായാ ൽ ആയതിൽ നിന്നുമുള്ള പ്രതിരോധത്തിനും സംരക്ഷണത്തിനും വേണ്ടി

ദേവങ്കലേയ്ക്കുള്ള പ്രാർത്ഥനയ്ക്ക് ഭക്തർക്ക് അനുവാദമുണ്ട്.

B. ആരാണോ ദുരുദ്ദേശ്യപരമായി പ്രാർത്ഥിക്കുന്നത് അവർക്ക് തന്നെ പ്രത്യാഘാതം അനുഭവിയ്ക്കുന്നതിന് ഇടയാകുമെന്ന് ദേവങ്കൽ നിന്നും തീരുമാനം അനുവദിച്ചിട്ടുണ്ട്.

C. ദുരുദ്ദേശ്യപരമായ പ്രാർത്ഥനകൾക്ക് ഫലമുണ്ടാകില്ല അഥവാ നടപ്പാവില്ലായെന്നും അപ്രകാരം പ്രാർത്ഥിക്കുന്നവർ ഭക്തരല്ലെന്നും ജന്മാന്തരങ്ങളോളം അവർ അതിന്റെ ശിക്ഷ അനുഭവിയ്ക്കേണ്ടി വരുമെന്നും ദേവങ്കൽ നിന്നും തീരുമാനം അനുവദിച്ചിട്ടുണ്ട്. നമ്മുടെ ഭാരത സംസ്കൃതിയിൽ അഥവാ സനാതന ധർമത്തിൽ ആരേയും ഉപദ്രവിയ്ക്കുന്നതിനും ആരോടും ശത്രുത നിലനിർത്തുന്നതിനും ദേവങ്കൽ നിന്നും അനുവാദമില്ല എന്നത് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാകുന്നു.

24: 4) ദേവവർഗ്ഗം സങ്കൽപ്പമല്ല. പരബ്രഹ്മം സ്വയം ആവിർഭവിച്ച് (സ്വയംഭൂ) പ്രകാശ സ്വരൂപത്തിൽ (പഞ്ചഭൂതാത്മകമല്ല) ജ്യോതിർമണ്ഡലങ്ങളായ ബ്രഹ്മലോക ശിവലോക വിഷ്ണുലോക വാസികളായ ജനിതകാധികാരി (Supreme Genetic Authority) ബ്രഹ്മദേവനും സർവ്വാധികാരി പരമഗുരു (Supreme Organizing Authority and Supreme Preceptor) ശിവദേവനും സംരക്ഷണാധികാരി (Supreme Protection Authority) വിഷ്ണുദേവനും ആകുന്ന കൽകിപുരി ക്ഷേത്രത്തിലെ (കൽകിയുടെ പ്രാർത്ഥനാമുറി) ആരാധനാ ദേവന്മാർ. ദേവങ്കൽ, ദേവകാര്യം, ദേവവർഗ്ഗം, ദേവഹിതം, ദേവഭാഗം, ദേവസ്മരണ, ദേവൻ, ദേവന്മാർ, ഈശ്വരൻ, ദൈവം, ദൈവങ്ങൾ എന്നും ഉദ്ദേശിക്കുന്നത് ഇതാകുന്നു.

24: 5) ജാതി മത സ്ത്രീ പുരുഷ പ്രായഭേദമന്യേ യാതൊരു വിവേചനങ്ങളുമില്ലാതെ ദേവങ്കൽനിന്നുമുള്ള അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി ഭക്തർ വന്ന് സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച് പോകുന്നതാണ് കൽകിപുരി ക്ഷേത്രത്തിലെ ആരാധനാ രീതി.

24: 6) ദേവകാര്യത്തിലെ സുപ്രധാന നിയമമാകുന്ന "അനുവാദിതം എങ്കിൽ മാത്രം." ആയതിന്റെ ഉദ്ദേശ്യം ഇപ്രകാരം: ദേവങ്കൽ നിന്നും അനുഗ്രഹവും സംരക്ഷണവും അനുവദിച്ചെങ്കിൽ മാത്രമേ ആർക്കും യാതൊരു കാര്യവും

നടപ്പാക്കുന്നതിനും അനുയോജ്യമായി പൂർത്തീകരിയ്ക്കുന്നതിനും സാധിക്കുക യുള്ളൂ. എന്നാൽ അനുകൂലമല്ലാതെ വന്ന് ചേരുന്നത് അഥവാ പ്രതികൂലവും പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതുമായ കാര്യങ്ങൾ സംഭവിയ്ക്കുന്നതിന് ദേവവ ർഗ്ഗം കാരണവുമല്ല. പരബ്രഹ്മം സ്വയം നന്മയായും തിന്മയായും എല്ലാമായും നിലകൊള്ളുന്നതിനാൽ ആസുരീയത തിന്മയ്ക്കായി പ്രവർത്തിയ്ക്കുന്നുണ്ട് എന്ന വസ്തുത ഓർക്കേണ്ടതുണ്ട്. സർവ്വം എന്ന പദത്താൽ ഉദ്ദേശിയ്ക്കുന്നത് എല്ലാം ആകുന്നത് എന്നാകുന്നു. പരബ്രഹ്മം എന്ന പദത്താൽ ഉദ്ദേശിയ്ക്കുന്നത്: സർവ്വം എന്ന എല്ലാം ആകുന്നത് എന്ന സമ്പൂർണ്ണ തീരുമാനത്തെയാകുന്നു. പരബ്രഹ്മമല്ലാതെ മറ്റൊന്നില്ലാത്തതിനാലും എല്ലാമായ് നിലകൊള്ളുന്നതി നാലും സ്വയം ഭിന്നമായ് നിലകൊള്ളുന്നുണ്ടെങ്കിലും ഭിന്നമല്ലാത്തതിനാലും പരബ്രഹ്മത്തെ ആരാധിയ്ക്കേണ്ടതില്ല. പരബ്രഹ്മം എല്ലാമായ് സ്വയം നില കൊള്ളുന്ന എന്ന വ്യക്തത ഭക്തർക്ക് പ്രയോജനം ചെയ്യും.

24: 7) അദൃശ്യത്തെ പ്രസ്തുത പദത്താൽ വ്യക്തമാകുന്നതു പോലെ അഥവാ സ്ഥി രീകരണമുണ്ടാകുന്നതുപോലെ എല്ലാം ആകുന്നത് എന്നത് വ്യക്തമാകുന്ന തിനായി ഉപയോഗിയ്ക്കുന്ന പദമാകുന്നു പരബ്രഹ്മം. സർവം ആകുന്ന പരബ്ര ഹ്മം അതാത് സ്ഥാനാധികാരമായി സ്വയം ആവശ്യമായ എല്ലാ സമ്പൂ ർണ്ണതയോടേയും അതാത് മണ്ഡലങ്ങളിൽ അതാതായി നിലകൊള്ളുന്ന തിനാൽ അഥവാ വ്യത്യസ്തമെന്ന് അനുഭവപ്പെട്ടുത്തി അഥവാ ഭിന്നം എന്ന തലത്തിൽ സ്വയം സൃഷ്ടിയായി നിലകൊള്ളുന്നതിനാൽ, ദേവങ്കലേക്ക് ഭക്തരിൽനിന്നും മറ്റാരിൽനിന്നും മറ്റൊന്നിൽനിന്നും യാതൊന്നും ആവശ്യ മില്ലായെന്നും ക്ഷേത്ര നടത്തിപ്പിലേക്ക് തങ്ങളാൽ സാധ്യമായത് ചെയ്യുക മാത്രമാണെന്നും വഴിപാടുകൾ പാടില്ലായെന്നും ക്ഷേത്രം എന്നത് വന്ന് പ്രാ ർത്ഥിച്ച് പോകുന്നതിന് മാത്രമായുള്ള സംവിധാനമാണെന്നും അറിയുക. ഭക്തി പോലും ഭക്തരുടെ ആവശ്യമാണ്. ദേവങ്കൽനിന്നുമുള്ള അനുഗ്രഹവും സംരക്ഷണവും ഭക്തരുടെ ആവശ്യവും അവകാശവുമാകുന്നു.

24: 8) കൽകി സ്വയംഭൂ ചൈതന്യത്താൽ ദേവങ്കലേക്കുള്ള കണക്ഷൻ അതി സൂക്ഷ്മനിർവ്വഹണത്തിലൂടെ സജ്ജീകരിച്ച കൽകിപുരി ക്ഷേത്രം എന്ന സംവിധാനം കണക്റ്റിവിറ്റിക്കും റീചാർജിംഗിനുമുള്ളതാണ്, മൊബൈൽ ടവർ പോലെ അഥവാ ആയതിനുള്ള സാങ്കേതിക സംവിധാനം പോലെ.

24: 9) ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമ: എന്ന മന്ത്ര ജപം ദേവസ്മരണയ്ക്കാകുന്നു. ഒരേ പദങ്ങൾ കൃത്യതയോടെ നിരന്തരം സ്ഥിരമായി ആവർത്തിച്ച് ഉച്ചരിക്കുമ്പോൾ സ്മരണയിൽ പ്രാധാന്യത്തോടെ നിലനിൽക്കും. അപ്രകാരം ദേവസ്മരണയ്ക്കാകുന്ന മന്ത്ര ജപം. മന്ത്രജപത്താൽ ദേവങ്കൽനിന്നും പ്രത്യേക പ്രീതി ലഭിയ്ക്കുകയില്ല. യാതൊരു രീതിയിലും ദേവവർഗ്ഗത്തെ തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് തൃപ്തിപ്പെടുത്തുവാനും പ്രീതിപ്പെടുത്തുവാനും ആർക്കും സാധിയ്ക്കുകയില്ല. അതാതു സന്ദർഭത്തിൽ അതാത് സ്ഥാനപ്രകാരം സ്വയം സ്വന്തം ഡ്യൂട്ടി സദുദ്ദേശ്യത്തോടെ മാത്രം കൃത്യമായി നിർവ്വഹിയ്ക്കുക എന്നത് മാത്രമാണ് ദേവങ്കൽ നിന്നും സ്വീകാര്യത ലഭിയ്ക്കുന്നതിനുള്ള ഏക പരിഹാരം. കർത്തവ്യ നിർവ്വഹണത്തിന്റെ പ്രാധാന്യം.

24: 10) വിഗ്രഹം: കൽകി പ്രതിഷ്ഠിച്ചത്. വിഗ്രഹത്തെയല്ല ആരാധിക്കുന്നത്, ദേവങ്കലേയ്ക്കാകുന്നു. ഇടനിലക്കാരില്ലാതെ, സ്തുതികളില്ലാതെ, മാനുഷിക പരികല്പനകളിലൂടെയുള്ള കൊടുത്ത് തൃപ്തിപ്പെടുത്തലുകളില്ലാതെ, മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും ആരാധിയ്ക്കാതെ, ദേവ വർഗ്ഗങ്ങളെന്നപേരിൽ പഞ്ചഭൂതാത്മക ശരീരത്തോടുകൂടിയ വിവിധ രൂപങ്ങളുടെ ആരാധനകളില്ലാതെ, പ്രകാശ സ്വരൂപ ഘടനയോടെ സമുന്നത സ്ഥാനാധികാരങ്ങളുള്ള ദേവങ്കലേയ്ക്ക് മാത്രം സ്വരൂപസങ്കൽപ്പങ്ങളില്ലാതെ ഭക്തർ നേരിട്ട് സ്വയം നിശബ്ദമായി സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച് പോകുന്നതാകുന്ന കൽകിപുരി ക്ഷേത്രത്തിലെ ആരാധനാ രീതിയുടെ പ്രത്യേകത.

സ്വയംഭൂ ചൈതന്യമാഹാത്മ്യത്തോടെ ദേവങ്കൽനിന്നും ഔദ്യോഗികമായി അനുവാദമുള്ള മഹദ് വ്യക്തി (അവതാരം) സ്ഥാപിക്കുന്ന യഥാർത്ഥ ക്ഷേത്രത്തിൽ ദേവകാര്യാർത്ഥം ദേവങ്കൽ നിന്നുമുള്ള തീരുമാനപ്രകാരം ഈ ഭൂമിയിൽ നിന്നും യാതൊരു ജീവി വർഗ്ഗങ്ങളിൽനിന്നും യാതൊരുപ്രകാരത്തിലും ദേവങ്കലേയ്ക്ക് യാതൊന്നും ആവശ്യമില്ലായെന്ന അടിസ്ഥാന നിയമത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് മാത്രമേ പൂർത്തീകരിയ്ക്കുകയുള്ളൂ. ദേവാലയമെന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും സജ്ജീകരണങ്ങളും സംവിധാനങ്ങളുമായി സമൃദ്ധിയോടെയുള്ള സാഹചര്യങ്ങളാകുമ്പോൾ സേവന പ്രവർത്തനത്തിന് ആവശ്യമായവരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ അതാത് സ്ഥാനത്തേയ്ക്ക് നിയമി

ച്ചം അർഹമായ ശമ്പളം നൽകിയും ഭംഗിയായി ക്ഷേത്രം നിലനിർത്തുന്ന തിന് വരുന്നതായ ചെലവുകൾക്ക് മാത്രമേ ഭണ്ഡാരം എന്നത് ഉപയോഗി ക്കുവാൻ പാടുള്ളൂ – ക്ഷേത്ര സുരക്ഷക്കായുള്ള കരുതൽ ധനനിക്ഷേപമായ തിന് ശേഷം – എന്ന കൽകിയുടെ കർശന തീരുമാനം ദേവങ്കലേയ്ക്ക് ഈ ഭൂമിയിൽ നിന്നും യാതൊന്നും ആവശ്യമില്ലായെന്നും ക്ഷേത്ര നടത്തിപ്പിനു ള്ളത് മാത്രം ഭക്തർ സ്വമേധയാ സമർപ്പിയ്ക്കുകയാണ് ചെയ്യുന്നതെന്നും തെ ളിയിച്ച് നടപ്പിൽ വരുത്തുന്നതിലേയ്ക്ക് അനുയോജ്യമാകുന്നു.

24: 11) നിയമങ്ങൾ താഴെ കൊടുക്കുന്നു:-

A) ക്ഷേത്രമെന്ന ദൃശ്യസംവിധാനത്തിൽ ഉപാധിയുടെ ആവശ്യകതയ്ക്കുവേണ്ടി യാതൊരുവിധ ജീവികളുടേയും രൂപങ്ങളും ആകൃതികളുമില്ലാത്ത ദീർഘ ദണ്ഡാകൃതിയിലുള്ള കൃഷ്ണശിലയോ ലോഹമോ വിഗ്രഹമായി ഉപയോഗി യ്ക്കാം എന്നത് മാത്രമാകുന്നു ദേവങ്കൽനിന്നുമുള്ള തീരുമാനം. [3 അടിയോ (243.84 യവം) 5 അടിയോ (406.4 യവം) മാത്രം ഉയരമുള്ളത് അനുയോ ജ്യം]. അറിയുന്നതിന് വേണ്ടി ശിലാവിഗ്രഹം എന്നും ലോഹവിഗ്രഹം എന്നുമുള്ള പദങ്ങൾ മാത്രം ഉപയോഗിയ്ക്കാം. ദേവീ ദേവന്മാരുടെ പേരിൽ വിഗ്രഹം പാടില്ല.

B) ബ്രഹ്മ ശിവ വിഷ്ണു ദേവന്മാർ വിഗ്രഹത്തെ അടിസ്ഥാനമാക്കിയല്ല, പകരം ദേവങ്കൽനിന്നും കൽകിയ്ക്ക് അനുവദിച്ച ദേവചൈതന്യത്താൽ (സ്വയംഭൂ ചൈതന്യം) സമുന്നത സ്ഥാനാധികാരപ്രകാരം കൽകിയ്ക്ക് മാത്രം അറി യാവുന്ന ഉപാധിരഹിത സങ്കൽപരഹിത അതിസൂക്ഷ്മ നിർവ്വഹണത്താൽ സജ്ജീകരിയ്ക്കപ്പെട്ടതായതിനാലാകുന്നു കൽകിപുരി ക്ഷേത്രത്തിലൂടെ ഭക്ത ർക്ക് അനുഗ്രഹവും സംരക്ഷണവും അനുവദിയ്ക്കുന്നത് (ലഭിയ്ക്കുന്നത്).

C) ആയതിനാൽ, കൽകിപുരി ക്ഷേത്രത്തിൽ എന്നും വിഗ്രഹം കഴുകി വൃത്തിയാ ക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. [അലങ്കാരാദി പൂജകൾ യാതൊന്നും പാടില്ല].

D) കേവല ദൃശ്യസംവിധാനത്തിനുള്ള ഉപാധിയായ വിഗ്രഹം കേവലം ദീർഘ ദണ്ഡാകൃതിയിലുള്ള ശിലയോ ലോഹമോ ആകുന്നു എന്ന വസ്തുതയ്ക്കാകുന്നു കൽകിപുരി ക്ഷേത്ര നിയമത്തിൽ പ്രാധാന്യമർഹിയ്ക്കുന്നത്.

E) വിഗ്രഹത്തേയല്ല ആരാധിയ്ക്കുന്നത്; കൽകിപുരി ക്ഷേത്രത്തിലെ 18 പടികൾ

കയറി പ്രാർത്ഥനാ മണ്ഡപത്തിൽ വന്ന് ഭക്തർ നേരിട്ട് സദുദ്ദേശ്യപരമായി മാത്രം ദേവങ്കലേയ്ക്ക് സ്വയം പ്രാർത്ഥിക്കുന്ന രീതിയാകുന്നു സ്ഥാപകനായ കൽകി ദേവഹിതപ്രകാരം അനുയോജ്യമായി പ്രാവർത്തികമാക്കിയിരിക്കുന്നത് എന്നത് കൽകിപുരി ക്ഷേത്ര നിയമത്തിൽ പരമ പ്രാധാന്യമുള്ളതാകുന്നു.

24: 12) ആവശ്യമായ സ്ഥലസൗകര്യങ്ങളോടെ ക്ഷേത്ര നിർമ്മാണം പൂർത്തിയായതിനുശേഷം, ഭണ്ഡാരത്തിലൂടെ വിവിധ ഘട്ടങ്ങളായി ആകെ നിശ്ചിത സംഖ്യ (ചുരുങ്ങിയത് 10 കോടി) ക്ഷേത്ര സംരക്ഷണത്തിനായുള്ള കരുതൽ ധനമായെത്തി ബാങ്കിൽ നിക്ഷേപിയ്ക്കുമ്പോൾ, പിന്നീട്, ഓരോ വർഷവും കൃത്യമായ സമയത്ത് നിശ്ചിത തീയ്യതിക്കുള്ളിൽ മാത്രം എന്ന് തീരുമാനിച്ച് (ഉദാ: നവംബർ-ഡിസംബർ) പത്രമാധ്യമങ്ങളിലൂടെ ഭക്തരെ അറിയിച്ച് പ്രസ്തുത വർഷത്തെ ക്ഷേത്ര ചെലവുകൾക്കുള്ള പണം ഭക്തർക്ക് ഭണ്ഡാരത്തിൽ പ്രാർത്ഥനയായി സമർപ്പിക്കാവുന്ന രീതിയാണ് കൽകിപുരി ക്ഷേത്രം സംബന്ധിച്ച കൽകി (Kalki) എന്ന എന്റെ അന്തിമ തീരുമാനം. ക്ഷേത്ര ചെലവുകൾക്കുള്ളത് മാത്രമേ പാടുള്ളൂവെന്ന നിബന്ധനക്ക് വളരെയേറെ പ്രാധാന്യമുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ (ഉദാ: നവംബർ-ഡിസംബർ) തീരുമാനിച്ച ബഡ്ജറ്റിനേക്കാൾ അധികരിച്ച പണം എത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത സംഖ്യ കരുതൽ ധന നിക്ഷേപത്തിൽ ഉൾപ്പെടുത്തി സുരക്ഷിതമാക്കുക. അതാത് വർഷത്തിലെ നിശ്ചിത ബഡ്ജറ്റ് സംഖ്യ തികയാതെ വന്നാൽ ആയതിനു വേണ്ടി വീണ്ടും നിശ്ചിത സമയ പരിധി തീരുമാനിച്ചുകൊണ്ട് ഭണ്ഡാരത്തിൽ പ്രാർത്ഥന അർപ്പിക്കാൻ ഭക്തർക്ക് അനുവാദമുണ്ട്, ആയതിന് അവസരം കൊടുക്കേണ്ടതുണ്ട്.

24: 13) പരബ്രഹ്മം (സർവ്വം) എല്ലാം ആകുന്ന ഏകവും സമ്പൂർണ്ണവും സ്വതന്ത്രവും സമുന്നത സർവ്വാധികാരസ്ഥാനവുമായതിനാൽ പരബ്രഹ്മമല്ലാതെ മറ്റൊന്നില്ല. ഭിന്നമല്ലാത്തതിനാൽ പരബ്രഹ്മത്തിലേക്ക് എന്ന് ഉദ്ദേശിച്ച് പ്രാർത്ഥനയും ആരാധനയും ആവശ്യമില്ല. സ്വയം വ്യക്തതയാണ് അനുയോജ്യം. പരബ്രഹ്മം സ്വയം ഭിന്നം എന്ന തലത്തിൽ നിലകൊള്ളുന്നതാകുന്നു സൃഷ്ടി. നാമാകുന്ന സർവ്വാധികാര പരബ്രഹ്മ സമഷ്ടി ഞാനാകുന്ന പരിമിതാധികാര വ്യഷ്ടിയായി നിലകൊള്ളുന്ന സാങ്കേതികതയാണ് സൃഷ്ടിയുടെ കാതൽ.

24: 14) പ്രകാശസ്വരൂപ ഘടനയിൽ (പഞ്ചഭൂതാത്മകമല്ല) ജ്യോതിർമണ്ഡല ബ്രഹ്മ ശിവ വിഷ്ണു ലോകങ്ങളിലെ ജനിതകാധികാരി ബ്രഹ്മദേവനും സർവ്വാധികാരി പരമഗുരു ശിവദേവനും സംരക്ഷണാധികാരി വിഷ്ണുദേവനും യഥാക്രമം സഹധർമ്മിണിമാരും സഹപ്രവർത്തകരുമായ സരസ്വതിദേവിയും പാർവതി ദേവിയും ലക്ഷ്മിദേവിയും പരബ്രഹ്മത്താൽ സ്വയം ആവിർഭവിച്ചവരും (സ്വയംഭൂ) ഔദ്യോഗിക നിർവ്വഹണത്തി നായി മാത്രം [ജനിതകം, ക്രമം, സംരക്ഷ – Genetic. Organize. Protect (G.O.P.)] നിലകൊള്ളുന്നവരുമാകുന്നു. ദേവിമാർ, ദേവതകൾ, ഈശ്വരി, എന്നിങ്ങനെ ഉദ്ദേശിക്കുന്നതും ഇതാകുന്നു. ദേവിമാർക്ക് പ്രത്യേക ആരാധന ആവശ്യമില്ല.

24: 15) ദേവീദേവന്മാരുടെ പ്രകാശസ്വരൂപത്തിലുള്ള (പഞ്ചഭൂതാത്മകമല്ല) യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ല.

24: 16) ഏതൊരു ഭക്തനേയോ ഭക്തയേയോ ആണ് അനുഗ്രഹിക്കേണ്ടതെന്ന് തീരുമാനിച്ച് നടപ്പിൽവരുത്തുവാനുള്ള പൂർണ്ണപരമാധികാരം സർവ്വദാ ദേവങ്കൽ മാത്രമാകുന്നു. ക്ഷേത്രം സ്ഥാപിച്ചവർക്കോ ക്ഷേത്ര നടത്തിപ്പുകാർക്കോ മറ്റാർക്കോ അതിൽ ഇടപെടുവാൻ യാതൊരു കാരണവശാലും അധികാരമില്ല. ദേവങ്കലേക്കുള്ള വിനയവും അനുസരണയുമാണ് ക്ഷേത്ര നടത്തിപ്പിന് ആവശ്യം. ആർക്കെല്ലാം എന്തെല്ലാം ഫലങ്ങൾ ലഭിക്കുമെന്ന് തീരുമാനിച്ച് അവരിൽനിന്നും പണവും ദ്രവ്യങ്ങളും വഴിപാടുകളെന്നപേരിൽ മുൻകൂട്ടിയോ അല്ലാതെയോ വാങ്ങുവാൻ മനുഷ്യർക്ക് അധികാരമില്ല. കൽകിപുരി ക്ഷേത്ര ശ്രീകോവിലും വിഗ്രഹവും ക്ഷേത്ര പരിസരവും വൃത്തിയോടെയായിരിക്കണം. ക്ഷേത്രത്തിൽ മത്സ്യമാംസാദികൾ യാതൊരു കാരണവശാലും പാടില്ല.

24: 17) കൽകിപുരി ക്ഷേത്രത്തിൽ സുഗന്ധത്തിനുവേണ്ടി ശുദ്ധമായ ചന്ദനതൈലം ഒരു പാത്രത്തിൽ ഒഴിച്ച് അതിലേയ്ക്ക് പ്രത്യേകം തയ്യാറാക്കിയ ചൂരൽ വടികൾ മുക്കിവെയ്ക്കുകയാണ് ചെയ്യുന്നത്. ഇടയ്ക്കിടെ ചന്ദനതൈലവും ചൂരൽവടികളും മാറ്റി പുതിയത് ഉപയോഗിയ്ക്കണം. ഒരു ജീവിയുടെ വിസർജ്ജ്യമായ ചാണകം ചേർക്കുന്നതിനാലും പുകയുണ്ടാകുന്നതിനാലും ചന്ദനത്തിരികൾ ഉപയോഗിക്കുവാൻ പാടില്ല (ചാണകം മനുഷ്യാലയങ്ങളിൽ മാനുഷിക കാര്യങ്ങൾക്ക് പ്രയോജനപ്രദമാണെങ്കിലും ദേവാലയങ്ങ

ളിൽ ദേവകാര്യത്തിൽ ജീവികളുടെ മത്സ്യം, മാംസം, രക്തം, നെയ്യ്, വിസർജ്ജ്യം തുടങ്ങിയവ കർശനമായും പാടില്ല).

24: 18) മനുഷ്യ ദേഹ സമാനമായതിനാൽ മത്സ്യമാംസങ്ങൾ കഴിക്കുന്നവരെ കൽകിപുരി ക്ഷേത്രകാര്യ നിർവ്വഹണങ്ങൾക്കുള്ള അതാത് സ്ഥാനങ്ങളിൽ നിയമിക്കുവാൻ പാടില്ല. കൃത്യതയോടെ ദേവഹിതപ്രകാരം യഥാർത്ഥ ക്ഷേത്രകാര്യം നടപ്പാക്കിക്കൊണ്ടിരിക്കുന്നതിലേക്ക് ഭക്തരിൽ നിന്നും വ്യക്തികളിൽനിന്നുമുള്ള സഹകരണത്തിനും പങ്കാളിത്തത്തിനും ഒരു ഘട്ടം വരേക്കും പരിധികളും പരിമിതികളുമുണ്ട് എന്നതിനാൽ ദേവങ്കൽ നിന്നും അനുവദിക്കുന്നപ്രകാരം നിലവിൽ ലഭ്യമായ സാഹചര്യമനുസരിച്ച് സാധ്യമാകുന്ന രീതിയിൽ ക്ഷേത്ര നടത്തിപ്പിൽ ശ്രദ്ധിക്കുകയാണ് എന്നതും പ്രത്യേകമായി അറിയിക്കുന്നു. ഭക്തർക്ക് കൽകിപുരി ക്ഷേത്രത്തിൽ വന്ന് സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച് പോകുന്നതിന് യാതൊരു വിലക്കുകളുമില്ല.

24: 19) ഭാരതത്തിൽ ജനിച്ച് ഭാരത പൗരത്വമുള്ളവർ മാത്രവും കൽകിപുരി ക്ഷേത്ര സ്ഥാപകനായ കൽകിയ്ക്ക് ദേവങ്കൽനിന്നും അനുവദിച്ച് തീരുമാനിച്ച് നടപ്പിൽ വരുത്തിയ കൽകിപുരി ക്ഷേത്രനിയമങ്ങൾപ്രകാരമുള്ള ബ്രഹ്മദേവനും ശിവദേവനും വിഷ്ണുദേവനും ആകുന്ന ദേവവർഗ്ഗത്തിൽ ഭക്തിയും വിശ്വാസവും അർപ്പണവുമുള്ള, പൊതുനന്മയും സ്ഥിരോത്സാഹത്തോടെ നിഷ്ക്കാമ സേവന സന്നദ്ധതയുമുള്ള സദുദ്ദേശ്യപരമായി ജീവിക്കുന്ന വിവാഹിതരും അവിവാഹിതരുമായ നല്ല മനുഷ്യരെ സ്ത്രീ പുരുഷ ഭേദമന്യേ കൽകിപുരി ക്ഷേത്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ യോഗ്യതകളുടെ അടിസ്ഥാനത്തിൽ മാത്രം ജോലിയ്ക്ക് അനുസരിച്ചുള്ള കൂലി നൽകി അതാത് സ്ഥാനത്തേയ്ക്ക് നിയമിക്കേണ്ടതാണ്.

24: 20) പ്രാണികൾ കടക്കാത്ത അടപ്പുള്ള ഓട്ടുവിളക്കാണ് (Patent Pending. Patent Application No. 201841003006. International Patent Application No. PCT/IN2019/050054. International Publication Number WO/2019/145974. Title of Invention: Fully Covered Removable Lid for Lamp to Prevent the Fall of Insects into Oil.

Regd. Design Patent Nos. 225592 & 301639) ജന്മദേശത്തെ കൽകിപുരി ക്ഷേത്രത്തിൽ ഉപയോഗിക്കുന്നത്. പ്രസ്തുത ഓട്ടുവിളക്കിൽ (പിച്ചള) ശുദ്ധമായ എള്ളെണ്ണയും പഞ്ഞിത്തിരിയും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും യാതൊരു കാലത്തും മൃഗങ്ങളിൽ നിന്നും സസ്യങ്ങളിൽനിന്നുമുള്ള നെയ്യ് കൽകിപുരി ക്ഷേത്ര ശ്രീകോവിലിൽ ഉപയോഗിക്കരുത്.

24: 21) കൽകിപുരി ക്ഷേത്രത്തിൽ യാതൊരുവിധ പൂജകളും പാടില്ല, ആർക്കും പൂജ ചെയ്തുകൊടുക്കുന്നതുമല്ല. ആവശ്യമായ ജീവനക്കാരുടെ നിയമനം നടത്തിയതിനുശേഷം, കൽകിപുരി ക്ഷേത്ര ശ്രീകോവിൽ മാനേജർ കൃ

തൃസമയത്ത് ക്ഷേത്രം നട തുറക്കുകയും വൃത്തിയാക്കുകയും ചെയ്യുന്നതിന് മേൽനോട്ടം വഹിക്കേണ്ടതാണ്. ശ്രീകോവിൽ അസിസ്റ്റന്റ്സ് ആയതിന് വേണ്ട സഹായങ്ങൾ നൽകേണ്ടതുണ്ട്. കൽകിപുരി ക്ഷേത്ര ജീവനക്കാരിൽ ആർക്കും പ്രത്യേകതകളില്ലെങ്കിലും, അതാത് സ്ഥാനാധികാരങ്ങളുടെ പ്രാധാന്യവും ഗൗരവവും ഓരോ വ്യക്തിയും നിലനിർത്തിയിരിക്കണം.

24: 22) ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമ: എന്ന മന്ത്രം ഭക്തർക്ക് സ്വയം ജപിക്കുവാനുള്ളതാകുന്നു എന്ന ദേവങ്കൽനിന്നുമുള്ള ഔദ്യോഗിക തീരുമാനത്തിന് എല്ലാക്കാലവും എല്ലായ്പ്പോഴും പരിപൂർണ്ണ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ദേവങ്കൽ നിന്നും അനുവദിക്കുന്ന കൽകിയുടെ തീരുമാനങ്ങൾ മാത്രമാകുന്ന കൽകിപുരി ക്ഷേത്ര നിയമങ്ങൾ എന്നതിന് എല്ലാക്കാലവും എപ്പോഴും എല്ലാ സമയത്തും സർവ്വദാ എല്ലാ സാഹചര്യങ്ങളിലും സ്ഥിതിയിലും പരിപൂർണ്ണ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. കൽകിപുരി ക്ഷേത്രത്തിൽ തന്ത്രി അഥവാ തന്ത്രിമാർ, തന്ത്രി കുടുംബക്കാർ, ഊരായ്മക്കാർ തുടങ്ങിയ രീതിയിൽ യാതൊന്നും നിലനിൽക്കുന്നതല്ല. അത്തരത്തിൽ ആർക്കും അധികാര അവകാശങ്ങൾ ഉണ്ടായിരിയ്ക്കുന്നതല്ല. ഇത് കൽകിപുരി ക്ഷേത്ര സ്ഥാപകനായ കൽകിയുടെ അന്തിമ കർശന തീരുമാനമാകുന്നു.

24: 23) കൽകിപുരി ക്ഷേത്രത്തിൽ (കൽകിയുടെ പ്രാർത്ഥനാമുറി) ഔദ്യാഗികമായി ദേവകാര്യവുമായി യാതൊരു ബന്ധവുമില്ലാത്തതിനാൽ യാതൊരു കാലത്തും യാതൊരു രീതിയിലും യാതൊരു പ്രകാരത്തിലും യാതൊന്നിനു വേണ്ടിയും ജ്യോതിഷ, മാന്ത്രിക, താന്ത്രിക, വാസ്തു, കൈനോട്ട, മഷിനോട്ട, ഭാവദർശന, ഉറഞ്ഞു തുള്ളി പറയൽ, വെളിച്ചപ്പാട്, കവിളിലും മറ്റ് ശരീരഭാഗങ്ങളിലും ശൂലം അഥവാ കൂർത്ത കമ്പിയോ കൊളുത്തോ കുത്തൽ, ശരീരത്തെ ദ്രോഹിയ്ക്കുന്ന വിധത്തിലുള്ള കഠിന വ്രതങ്ങൾ, തല മൊട്ടയടിക്കൽ തുടങ്ങിയവയെല്ലാം സംബന്ധമായതും അതുമായി ബന്ധപ്പെട്ട എല്ലാവിധ കാര്യങ്ങളും ക്രിയകളും ദോഷ പരിഹാരങ്ങളും യന്ത്രങ്ങളും ഏലസുകളും ആചരണങ്ങളും പ്രമാണങ്ങളും വിധികളും പ്രയോഗങ്ങളും രീതികളും നടപടികളും അനുഷ്ഠാനങ്ങളും നിഷ്ഠകളും സമ്പ്രദായങ്ങളും ആചാരങ്ങളും മുറകളും പാരമ്പര്യ വിധികളും സൂക്തങ്ങളും വ്രതങ്ങളും കഥകളും ഗ്രന്ഥങ്ങളിലെ നിർദ്ദേശങ്ങളും ഉള്ളടക്കങ്ങളും ഉരുവിടലുകളും പരിചയങ്ങളും ആഘോഷങ്ങ

ളും ചെണ്ട മുതലായ വാദ്യശബ്ദ ഘോഷങ്ങളും കലാപരിപാടികളും കരിമ രുന്ന പ്രയോഗങ്ങളും വെടിക്കെട്ടുകളും ആനകളെ എഴുന്നള്ളിക്കലും ഉത്സ വങ്ങളും എഴുത്തി നിരുത്തൽ ചടങ്ങുകളും, ചോറൂണുകളും, വിവാഹങ്ങളും കാര്യപരിപാടികളും മേളകളും എഴുന്നെള്ളിക്കലുകളും കഥാഖ്യാനങ്ങളും പ്ര ഭാഷണങ്ങളും പൂജകളും വഴിപാടുകളും നിവേദ്യങ്ങളും അന്നദാനങ്ങളും സദ്യ കളും ഋഷിപ്രോക്ത നാഡിതാളിയോലകളിൽ (നാഡി ജ്യോതിഷം എന്ന് വിളിക്കുന്നു) കൂട്ടിച്ചേർത്ത ദോഷ പരിഹാരങ്ങളും ഉൾപ്പെടെ എല്ലാവിധ മായ തൽസംബന്ധ കാര്യങ്ങളും യാതൊരു കാരണവശാലും യാതൊരു വി ധത്തിലും ഭാഗികമായോ ഘട്ടംഘട്ടമായോ പൂർണ്ണമായോ ദിവസ കണക്കി ലോ താൽക്കാലികമായോ സ്ഥിരമായോപോലും നടപ്പാക്കുവാനും നില നിർത്തുവാനും പ്രയോഗത്തിൽ വരുത്തുവാനും പ്രാവർത്തികമാക്കുവാനും പൂർത്തീകരിക്കുവാനും പാടില്ലായെന്ന കൽകിയുടെ അന്തിമ കർശന തീ രുമാനം ഇതിനാൽ ദേവകാര്യത്തിനുവേണ്ടി ദേവഹിതപ്രകാരം പരമപ്രാ ധാന്യമുള്ളതാകുന്നു.

24: 24) കൽകിപുരി ക്ഷേത്ര പ്രതിഷ്ഠാദിനം: ഡിസംബർ 14. എല്ലാ വർഷവും പ്രതിഷ്ഠാദിന സ്മരണാർത്ഥം യാതൊരുവിധ ആഘോഷങ്ങളും പാടില്ല. സാധാരണ ദിവസം പോലെ ഭക്തർക്ക് കൽകിപുരി ക്ഷേത്രത്തിൽ വന്ന് സദുദ്ദേശ്യപരമായി മാത്രം പ്രാർത്ഥിച്ച് പോകാം. വിഗ്രഹം: കൽകി പ്രതി ഷ്ഠിച്ചത്.

24: 25) കൽകിപുരി ക്ഷേത്രത്തിൽ പ്രദക്ഷിണമില്ല.

24: 26) കൽകിപുരി ക്ഷേത്രത്തിൽ പുകവലി പാടില്ല. മദ്യം, മയക്കുമരുന്ന് തുട ങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കരുത്.

24: 27) ക്ഷേത്രത്തിൽ വഴിപാടുകളില്ല. ഒരു ഭണ്ഡാരംമാത്രം. എന്റെ ജീവിത കാലം വരെയും ഡിഡി, എം.ഒ., ചെക്ക് മുതലായവ സ്വീകരിക്കുന്നതല്ല. യാതൊരു കാലത്തും ഒരിയ്ക്കലും സംഭാവനകൾ സ്വീകരിയ്ക്കുവാൻ പാടില്ല.

24: 28) കൽകിപുരി ക്ഷേത്രത്തിലെ 18 പടികളുടെ ഉള്ളളവ് വീതി ഞാൻ നി ർമ്മിച്ച 10 അടി മാത്രമേ പാടുള്ളൂ. 10 അടിയിൽ കൂടുതൽ ഒരിയ്ക്കലും യാതൊ രു കാലത്തും പാടില്ല.

24: 29) കൽകിപുരി ക്ഷേത്രത്തിലെ 10x10 അടി കൃത്യമായുള്ള പ്രാർത്ഥനാ മണ്ഡപത്തിന്റെ അളവ് യാതൊരു കാരണവശാലും യാതൊരു കാലത്തും മാറ്റം വരുത്തുവാൻ പാടില്ല. ഭക്തർ 18 പടികൾ ചവിട്ടി കയറി പ്രാർത്ഥനാ മണ്ഡപത്തിലെത്തി പ്രാർത്ഥിച്ച് (പ്രദിക്ഷണമില്ല) തിരിച്ച് പോകുന്നതിനു വേണ്ടി ശ്രീകോവിലിന്റെ വൃത്തത്തിലുള്ള കരിങ്കൽ മതിലിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് നിന്നും ഒരു ഓവർബ്രിഡ്ജ് ക്ഷേത്രത്തിൽ നിന്നും വഴിയിലേക്കുള്ള റോഡിലേയ്ക്ക് നിർമ്മിച്ച് തിരക്ക് നിയന്ത്രിക്കാവുന്നതാണ്. കൽകിപുരി ക്ഷേത്ര തറ നിരപ്പിന്റെ കരിങ്കൽ മതിലും (15 അടിയിൽ അധികം ഉയരമുള്ള) വഴിയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന ഭാഗം എപ്പോൾ വേണമെങ്കിലും അഴിച്ച് മാറ്റാവുന്ന രീതിയിൽ സ്റ്റീലിലോ ഇരുമ്പിലോ ലോഹം കൊണ്ടുള്ള (സ്ഥിരമായ കോൺക്രീറ്റ് കോളം, വാർപ്പ് എന്നിവ പാടില്ല) ഓവർബ്രിഡ്ജ് മാത്രമേ പാടുള്ളൂ എന്നത് നിർബന്ധമായും അനുസരിക്കേണ്ടതാകുന്നു. അതിന്റെ ബാക്കി വഴിയിൽ കോൺക്രീറ്റ് കോളം, വാർപ്പ് എന്നിവ കൊണ്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുവാൻ അനുവാദമുണ്ട്. ഗോപുരത്തിന്റെ അടുത്ത് തന്നെ വരുന്നതിനും പോകുന്നതിനും വഴിയെ രണ്ടായി (In & Out) വേർതിരിയ്ക്കുക. പ്രാർത്ഥിച്ച് തിരിച്ചു പോകുന്ന ഭക്തർക്ക് ഓവർബ്രിഡ്ജ് വഴി എടവണ്ണപ്പാറ-കോഴിക്കോട് റോഡിനോട് ചേർന്നുള്ള 4.6 മീറ്റർ വീതിയുള്ള കൽകിപുരി ക്ഷേത്ര ഗോപുരത്തിന്റെ ഗേറ്റിനു സമീപം രണ്ടായി വേർതിരിച്ച In & Out ൽ Out വഴി ഉപയോഗിയ്ക്കാം. ആവശ്യമുള്ളപ്പോൾ വാഹനങ്ങൾക്ക് കടന്ന് പോകുന്നതിന് വേണ്ടി എടുത്തു മാറ്റാവുന്ന രീതിയിൽ സ്റ്റീലിലോ ഇരുമ്പിലോ നിർമ്മിച്ച് നട്ട് ആൻഡ് ബോൾട്ട് വെച്ച് ഫിറ്റ് ചെയ്യുന്ന സ്റ്റെയർകേസ് ആയിരിയ്ക്കണം എന്നത് പ്രത്യേകം ശ്രദ്ധിയ്ക്കണം. പ്രായമായവർക്കും രോഗങ്ങളാൽ കയറ്റം കയറാൻ കഴിയാത്തവർക്കുമായി നൂതന സാങ്കേതിക സൗകര്യങ്ങളുള്ള റോപ് വെ പോലുള്ളവ ഒരുക്കുന്നത് പ്രയോജനം ചെയ്യും.

24: 30) മേപ്പടി 15-ാം നമ്പർ നിയമത്തിൽ കൊടുത്തപ്രകാരം കൽകിയുടെ മാതാപിതാക്കൾക്കോ സഹോദരീ സഹോദരന്മാർക്കോ മറ്റ് കുടുംബാംഗങ്ങൾക്കോ കൽകിയുടെ സ്വത്ത്, സമ്പാദ്യ, ആസ്തി, സ്ഥാവരജംഗമ വസ്തുക്കൾ, കൽകിപുരി ക്ഷേത്രം തുടങ്ങിയ യാതൊന്നിലും യാതൊരു അവകാശങ്ങളും ഉണ്ടായിരിയ്ക്കുന്നതല്ല. കിഴക്കുമ്പാട്ട് ഇല്ലത്ത് ദാമോദരൻ നമ്പൂതി

രിപ്പാടിന്റെയും കല്യാണിയുടെയും ഇളയ മകനായ രാമകൃഷ്ണനാണ് (സ്കൂൾ രേഖയിൽ: മൊക്കത്ത് രാമകൃഷ്ണൻ നായർ) കൽകിയുടെ അച്ഛൻ. അമ്മ ശാരദ. എടവണ്ണപ്പാറയിലുള്ള വടക്കേൽ (ചെറുവായൂർ അംശം ദേശം) എന്ന വീട്ടിലായിരുന്നു കൽകി ജനിച്ചത്. എടവണ്ണപ്പാറ സ.റ.ഓഫീസിൽ രജിസ്റ്റർ ചെയ്ത കൽകിയുടെ അച്ഛന്റെ 5/3/2008-ാം നമ്പർ ഒസ്യത്ത്പ്രകാരം കൽകി സ്വയം ആവശ്യപ്പെട്ടതിനാൽ കോഴിക്കോട് ജില്ലയിലെ ചൂലൂരിൽ (MVR Cancer Hospital Road) 1525/1980, 1243/1982 എന്നീ ആധാരങ്ങൾപ്രകാരം മെയിൻ റോഡ് സൈഡിൽ അച്ഛന്റെ ഉടമസ്ഥതയിലുള്ള വീട് ഉൾപ്പെടുന്ന 15 സെന്റ് സ്ഥലത്തിൽ അച്ഛന്റെ കാലശേഷം കൽകിയ്ക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കരുതെന്നും ആയതിനുള്ള കൽകിയുടെ സമ്മതപത്രമായി നിയമപ്രകാരമുള്ള രേഖയാവുന്നതിന് വേണ്ടി പ്രസ്തുത ഒസ്യത്തിൽ ഒന്നാം സാക്ഷിയായി കൽകി പേരെഴുതി ഒപ്പ് വെയ്ക്കുകയും ചെയ്തിരുന്നു. ഹിന്ദു പിന്തുടർച്ചാവകാശ നിയമപ്രകാരം പാരമ്പര്യ സ്വത്താണെങ്കിൽ പിതാവിന്റെ കാലശേഷം ഭാര്യയ്ക്കും മക്കൾക്കും തുല്യമായി വീതിയ്ക്കപ്പെടും. സ്വയം അദ്ധ്വാനിച്ച് സമ്പാദിച്ചതാണെങ്കിൽ സ്വന്തം ജീവിതകാലത്ത് സ്വയം എഴുതി വെച്ചതോ രജിസ്റ്റർ ചെയ്തതോ ആയ ഒസ്യത്ത്പ്രകാരമാകുന്ന അനന്തരാവകാശികളിൽ ആർക്കെല്ലാമാകുന്നു പിതാവിന്റെ സ്വത്ത് വഹകളിൽ അവകാശമുണ്ടായിരിയ്ക്കുകയെന്ന് തീരുമാനിയ്ക്കപ്പെടുക എന്നുള്ളതിനാലാണ് കൽകി അച്ഛന്റെ ഒസ്യത്തിൽ സ്വന്തം ആവശ്യപ്രകാരം ഓഹരി അവകാശം വേണ്ടതില്ലായെന്ന് ചേർത്തത്. ആയതിനാൽ അവിവാഹിതനായ കൽകിയുടെ സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാവിധ സ്വത്ത് ആസ്തി സമ്പാദ്യങ്ങളിലും കുടുംബാംഗങ്ങൾക്ക് യാതൊരു കാലത്തും അധികാര അവകാശങ്ങൾ ഉണ്ടായിരിയ്ക്കുന്നതല്ല. കൽകിയുടെ സ്വത്ത് സമ്പാദ്യങ്ങൾ തുടങ്ങിയവയെല്ലാം എല്ലാക്കാലത്തും കൽകിയുടെ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് എന്നാൽ കൽകിയുടെ കാലശേഷം മാത്രം പൊതുനന്മ ഉദ്ദേശിച്ച് ആയതിന്റെ കൈകാര്യം നടത്തിപ്പ് സംരക്ഷണം എന്നിവ മാത്രം കൽകി സ്ഥാപിച്ച കൽകിപുരി ധർമ ട്രസ്റ്റിന് (Reg. No.1656/2001) ഉണ്ടായിരിയ്ക്കുന്നതുമാണ്.

24: 31) നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ.

24: 32) ക്ഷേത്രപ്രവേശന വിളംബരം. ക്ഷേത്രത്തിൽ വന്ന് പ്രാർത്ഥിക്കുന്നതി

ന് എല്ലാ ഭക്തർക്കും അനുവാദമുണ്ട്. ആശുപത്രികളിലും മരണവീടുകളിലും ആർത്തവ സമയത്തും ദേവങ്കലേയ്ക്ക് പ്രാർത്ഥിക്കുന്നതിന് വിലക്കുകളില്ല. പക്ഷേ, ദേവാലയമെന്ന കെട്ടിടത്തിൽ വന്ന് പ്രാർത്ഥിക്കുമ്പോൾ മാത്രം അശുദ്ധമാകുമെന്ന വിചിത്രവാദം ദുരുദ്ദേശ്യപരമാണ്. ക്ഷേത്രത്തിൽ വന്ന് ദേവങ്കലേയ്ക്ക് സ്വയം നേരിട്ട് പ്രാർത്ഥിക്കുന്നതിൽ നിന്നും ഭക്തരെ വിലക്കുവാൻ മനുഷ്യർക്ക് അധികാരമില്ല, സാധിയ്ക്കുകയുമില്ല.

24: 33) ഒരു വ്യക്തിക്ക് ദേവകാര്യത്തെ വിശ്വസിക്കുവാനും അവിശ്വസിക്കുവാനും സ്വീകരിക്കുവാനും സംവേദനക്ഷമതയോടെ അർത്ഥവത്തായി വിമർശിക്കുവാനും സ്വാതന്ത്ര്യമുണ്ടെങ്കിലും തടസ്സപ്പെടുത്തുവാനും ഉപദ്രവിയ്ക്കുവാനും നിന്ദിയ്ക്കുവാനും അധികാരമില്ല. പ്രയോജനത്തെക്കുറിച്ച് പഠിച്ച് സ്വീകരിക്കേണ്ടത് ഏതാണെന്ന് സ്വയം തീരുമാനിക്കുവാനുള്ള വ്യക്തിയുടെ മൗലീകാവകാശത്തെ സദാ ബഹുമാനിക്കണം. നിർബന്ധിപ്പിക്കൽ ഒരിക്കലും പ്രയോജനം ചെയ്യില്ല. സ്വയം അറിഞ്ഞ് സ്വീകരിച്ച് തനിക്കുവേണ്ടി സ്വയം അനുസരിക്കണം. എങ്കിൽ മാത്രമേ ആത്മാർത്ഥയോടെ നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. മതമാക്കി മാറ്റിയാൽ അപകടമാകും. വ്യക്തികൾ നിയന്ത്രിക്കുന്നവരായി മാറാൻ ശ്രമിക്കും. പ്രകാശ സ്വരൂപത്തിൽ ശിവലോകവാസിയായ സർവാധികാരി ശിവദേവനാകുന്ന പരമഗുരു, മനുഷ്യരല്ല. മനുഷ്യരെ ആദരിക്കാം ബഹുമാനിക്കാം വേണമെങ്കിൽ അദ്ധ്യാപകരായും കാണാം, പക്ഷേ അർപ്പിച്ച് ആരാധിക്കേണ്ടതില്ല. ഓരോരുത്തരേയും അവരുടെ സ്ഥാനപരിധി അറിഞ്ഞ് നിർത്തേണ്ടിടത്ത് നിർത്തിയാൽ കുറേ അപകടങ്ങൾ ഒഴിവാക്കാം. സ്വയം വഴി തെറ്റുകയുമില്ല. ദേവങ്കൽ നിന്നും നേരിട്ട് അനുഗ്രഹത്തിനും സംരക്ഷണത്തിനും വേണ്ടി പ്രാർത്ഥിക്കാം. ഇടനിലക്കാർ വേണ്ട. ജീവന്റെ മേൽഗതിക്ക് ഇതാണ് ശ്രേഷ്ഠം. ദേവങ്കലേയ്ക്കുള്ള അർപ്പണവും സ്വയം ആത്മാർത്ഥതയും സദുദ്ദേശ്യവും അതാത് സ്ഥാനപ്രകാരമുള്ള സ്വകർമ്മ പൂർത്തീകരണവുമാകുന്ന ജീവന്റെ മേൽഗതിക്ക് അടിസ്ഥാനം.

24: 34) ശ്രീകോവിലിന്റെ തറ നിൽക്കുന്ന തിരുമുറ്റത്തിന്റെ തൊട്ടടുത്തുള്ള പ്രാർത്ഥനാ മണ്ഡപത്തോടും 18 പടികളോടും ചേർന്ന വൃത്താകൃതിയിൽ 15 അടിയോളം ഉയരമുള്ള വലിയ കരിങ്കൽകെട്ടും കഴിഞ്ഞ് വടക്ക് കിഴക്ക് ഭാഗത്ത് ക്ഷേത്ര കിണർ കുഴിയ്ക്കേണ്ടതാകുന്നു. ഇതേ ഭാഗത്ത് 2001ൽ

ഞാൻ കിണർ കുഴിച്ചിരുന്നതും വെള്ളം കണ്ടതിന് ശേഷം മൂടിയതുമാണ്. വെള്ളം ഉള്ളതിന്റെ ഏകദേശം 15 അടിയോളം മാറി പടികൾ ഇടാതെ കുഴിച്ച 18 അടിയോളമുള്ള കുഴിയിൽ നിന്നും സാമാന്യം ആവശ്യമായ വിസ്താരത്തിൽ വീണ്ടും വെള്ളമുള്ളിടത്തേയ്ക്ക് മണ്ണിനടിയിൽ ഏകദേശം 15 അടിയോളം ലംബമായി കുഴിച്ച് വഴിയൊരുക്കി വെള്ളം കണ്ടതിന് ശേഷം പ്രസ്തുത വെള്ളം കിണറിന് വേണ്ടി കുഴിച്ച കുഴിയിലേയ്ക്ക് വന്ന് ഏകദേശം രണ്ട് അടിയിൽ കൂടുതൽ നിറയുകയും ചെയ്തതിനു ശേഷം രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ പ്രസ്തുത കുഴി മണ്ണിട്ട് മൂടുകയുമാണ് ചെയ്തത്. 2017ൽ കൽകിപുരി വീട് പൊളിച്ച് തറയുടെ മണ്ണെടുത്തപ്പോൾ പ്രസ്തുത കുഴിയുടെ ആകൃതി വ്യക്തമായി കണ്ടതിന്റെ വീഡിയോയും ഫോട്ടോയുമുണ്ട് (Fig.A). നേരിട്ട് കൃത്യ സ്ഥലത്ത് ക്ഷേത്ര കിണർ കുഴിയ്ക്കേണ്ടതുണ്ട്.

24: 35) ദേവാലയത്തിൽ (ക്ഷേത്രം) മനുഷ്യാലയം പാടില്ല. മനുഷ്യാലയത്തിൽ ദേവാലയവും പാടില്ല.

A) മനുഷ്യാലയത്തിലെ (വീടുകൾ/ഫ്ലാറ്റുകൾ/വില്ലകൾ) ചുമരിലെ സ്റ്റാന്റിൽ ഘടിപ്പിച്ച കൽകിപുരി ക്ഷേത്ര ഫോട്ടോയ്ക്ക് മുമ്പിൽ രാവിലേയോ വൈകീട്ടോ അല്ലെങ്കിൽ രണ്ട് നേരമോ പ്രാണികൾ കടക്കാത്ത അടപ്പുള്ള വിളക്കിൽ പഞ്ഞികൊണ്ടുള്ള (കോട്ടൺ) രണ്ട്/അഞ്ച്/ഏഴ് തിരി വെച്ച് കത്തിച്ച് പ്രാർത്ഥിയ്ക്കുവാൻ ദേവങ്കൽനിന്നും അനുവാദമുണ്ട്. പൊതുവായി എല്ലാവർക്കും കാണാവുന്ന തുറസ്സായ (ഹാൾ) സ്ഥലത്ത് കിഴക്ക് അഭിമുഖമായി വിളക്ക് വെയ്ക്കാവുന്ന രീതിയാണ് ദേവങ്കൽ നിന്നും അനുവദിച്ചത്. പ്രാർത്ഥനയ്ക്കായി പ്രത്യേകമായി ഒരു മുറി മാറ്റി വെക്കരുത്. അതോടൊപ്പം മരം കൊണ്ടോ മറ്റോ അലങ്കാരങ്ങൾ ചെയത് കൂടൊരുക്കരുത്. വീടിന്റെ മുഖം കിഴക്ക് ഭാഗത്തല്ല എങ്കിൽ വിളക്ക് കിഴക്ക് അഭിമുഖമായി വെച്ചാൽ മതി.

B) അഞ്ച് തിരിയാണെങ്കിൽ വടക്ക് കിഴക്ക് അഭിമുഖമായിരിയ്ക്കും അഞ്ചാമത്തെ തിരി എന്നതും ഏഴ് തിരിയാണെങ്കിൽ തെക്ക് പടിഞ്ഞാറ് ഭാഗത്ത് തിരി ഉണ്ടാവില്ല എന്നതും വടക്ക് കിഴക്ക് അഭിമുഖമായിരിയ്ക്കും ഏഴാമത്തെ തിരി എന്നതും പ്രത്യേകം ശ്രദ്ധിയ്ക്കണം. കിഴക്ക് അഭിമുഖം നിൽക്കുമ്പോൾ ഇടതു കൈ നിൽക്കുന്ന ഭാഗം വടക്ക് ഭാഗത്തെ പ്രതിനിധീകരിയ്ക്കുന്നു.

C) ഇടനിലക്കാരില്ലാതെ ദേവങ്കലേയ്ക്ക് നേരിട്ടുള്ള പ്രാർത്ഥന എന്നത് സവിശേഷവും സദ്ഫലങ്ങൾ മാത്രം അനുവദിയ്ക്കുന്നതുമാകുന്നു.

D) ദേവങ്കൽനിന്നും യാതൊരുവിധ ആരാധനാ ദോഷങ്ങളും ദുരിതങ്ങളും ഭക്തർക്ക്/വിശ്വാസികൾക്ക് ഉണ്ടായിരിക്കില്ല എന്നതാണ് കൽകിപുരി ക്ഷേത്ര ആരാധനാ രീതിയിൽ ദേവങ്കൽ നിന്നും അനുവദിച്ച ഏറ്റവും പ്രധാന കാര്യം. എതിർക്കുന്നവർക്കും നിന്ദിയ്ക്കുന്നവർക്കും അനുഗ്രഹവും സംരക്ഷണവും തുടർന്നുണ്ടാവില്ല എന്ന് മാത്രം.

24: 36) ദേവാലയത്തിൽ (ക്ഷേത്രം) മനുഷ്യാലയം പാടില്ലാത്തതിനാൽ, പുതിയ ദേവാലയം (കൽകിപുരി ക്ഷേത്രം) നിർമ്മിച്ച് നിലനിർത്തുന്നതിന് എനിയ്ക്ക് വിവിധ ഘട്ടങ്ങൾ അവശ്യമായതിനാൽ, അതാത് രീതിയിൽ ദേവങ്കൽ നിന്നുമുള്ള അനുവാദപ്രകാരം മനുഷ്യാലയവും [കൽകിപുരി (ഹൗസ്)]

ആയതിനോട് ചേർന്നും എന്നാൽ പ്രത്യേകമായി വേർതിരിക്കപ്പെട്ടതു മായ ഘടനയിൽ എന്റെ പ്രാർത്ഥനാമുറിയും കൂടി ഉൾപ്പെടുത്തി നിർമ്മിച്ച്, പിന്നീട്, ഘട്ടംഘട്ടമായി 2016 ൽ ദേവാലയമെന്ന ഘടനയിലേയ്ക്ക് ആവ ശ്യമായ താഴികക്കുടം ഉൾപ്പെടെയുള്ള നിർമ്മാണ പൂർത്തീകരണത്തിനും ശേഷം എനിയ്ക്ക് ദേവങ്കൽ നിന്നും അനുവദിച്ച സ്വയഭൂ ചൈതന്യത്താൽ ദേവങ്കലേയ്ക്കുള്ള ചൈതന്യ സ്ഥാപിത സ്ഥിതി അഥവാ കണക്റ്റിവിറ്റി പ്രാവ ർത്തികമാക്കിയും, പിന്നീട് 2017 ൽ കൽകിപുരി എന്ന എന്റെ വീട് പൂർണ്ണ മായും പൊളിച്ച് നീക്കി കൽകിപുരി ക്ഷേത്രത്തിന്റെ വഴിയുടെ രണ്ടാം തറ നിരപ്പിന്റെ (IInd Ground Floor) അത്രത്തോളം മണ്ണെടുത്ത് ശ്രീകോ വിലിനോട് തൊട്ടടുത്തതും എന്നാൽ ചേർന്ന് നിൽക്കാതെ വേർതിരിയ്ക്കപ്പെ ട്ടതുമായ ഘടനയിൽ അനുബന്ധമായ പ്രാർത്ഥനാ മണ്ഡപവും 18 പടികളും വൃത്താകൃതിയിലുള്ള കൽകിപുരി ക്ഷേത്ര ശ്രീകോവിലിന്റെ ആകെ വ്യാസം കിഴിച്ചുള്ള 16 അടി വിസ്താരത്തിലുള്ള ഒന്നാം തറ നിരപ്പിന്റെ (I[st] Ground Floor) വൃത്താകൃതി ഘടനയ്ക്ക് ചേർന്ന് 15 അടിയോളം ഉയരത്തിൽ കരിങ്കൽ കെട്ടിയും യഥാർത്ഥ ക്ഷേത്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച എന്നത് ഇവിടെ രേഖപ്പെടുത്തുന്നു. കൽകിപുരി എന്ന സ്ഥലത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തെ അതിർത്തിയിലുള്ള വലിയ മതിൽക്കെട്ടിനോട് ചേർന്ന ഭാഗത്ത് പരിച്ഛേദമുള്ളതിനാൽ ഒന്നാം തറ നിരപ്പിന് (I[st] Ground Floor) പൂർണ്ണ വൃത്താകൃതിയില്ല.

24: 37) **ജീവിതത്തിലേയ്ക്ക് ആവശ്യമായ സദുദ്ദേശ്യപരമായ പ്രാർത്ഥനകൾ പൂ ർണ്ണമായും സഫലീകരിക്കപ്പെടണമെങ്കിൽ ദേവകാര്യാർത്ഥം ദേവഹിതപ്രകാ രം ക്ഷേമാധിഷ്ഠിത ഭരണത്തിലൂടെ ഭരണാധികാരി എന്ന സ്ഥാനത്താൽ ക്ഷേമ രാഷ്ട്രം പ്രാവർത്തികമാക്കിയാൽ മാത്രമാകുന്നു. •**


ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമ:
Kalkipuri
kalkipuri.com
Kalkipuri Temple

ജ്യോതിർമണ്ഡല ബ്രഹ്മലോക – ശിവലോക – വിഷ്ണുലോക പ്രകാശ സ്വരൂപ സമുന്നത സ്ഥാനാധികാര ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ ദേവ വർഗ്ഗത്തെ മാത്രം ആരാധിയ്ക്കുക. ദേവ വർഗ്ഗത്തോട് മാത്രം പ്രാർത്ഥിക്കുക.

ദേവവർഗ്ഗത്തിന്റെ യഥാർത്ഥ ചിത്രം ഈ ഭൂമിയിൽ ലഭ്യമല്ലാത്തതിനാൽ പഞ്ചഭൂതാത്മക മനുഷ്യ രൂപങ്ങളും മറ്റ് ജീവിവർഗ്ഗങ്ങളുമായും ദേവ വർഗ്ഗത്തെ സങ്കൽപ്പിച്ച് നിന്ദിക്കാതിരിക്കുക.

പരിമിത അറിവും സ്ഥാനാധികാരങ്ങളുമുള്ള വ്യക്തികളേയും അഥവാ മനുഷ്യരേയും ഈ ഭൂമിയിലെ മറ്റ് ജീവിവർഗ്ഗങ്ങളേയും പ്രകൃതി പ്രതിഭാസങ്ങളേയും ആദരിയ്ക്കാം, ബഹുമാനിയ്ക്കാം; ആരാധിക്കാതിരിക്കുക.

kalkipuri.com

ഓം ശ്രീം ബ്രഹ്മദേവ ശിവദേവ വിഷ്ണുദേവ നമഃ

നിന്ദിക്കാതിരിക്കൽ യഥാർത്ഥ വന്ദിക്കൽ

KESARI WEEKLY, KOZHIKODE . RNI NO. 3055/57• REGISTERED. NO. KL / CT / 22 / 2021 - 23 • ₹20/-
LICENCED TO POST WITHOUT PREPAYMENT•LICENCE NO. KL/PMG/NR/WPP/9/KKD/2021-23 •
DATE OF PUBLICATION 26 FEBRUARY 2021

അഗസ്ത്യ മഹർഷിയും വിശ്വാമിത്ര മഹർഷിയും എഴുതിയ ഋഷിപ്രോക്ത പുരാതന നാഡി താളിയോലകളിലെ 6 സുപ്രധാന അദ്ധ്യായങ്ങൾ. മലയാളത്തിൽ ആദിതമിഴ് ശ്ലോകങ്ങളും, മലയാള അർത്ഥവും പദാനുപദ ഗദ്യവിവർത്തനവും വിവരണവും സഹിതം. ശിവദേവ – പാർവതിദേവി ദിവ്യസംഭാഷണം.

ജീവന്റെ പ്രയാണത്തെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഭാരതീയ ഋഷിമാർ ശിവദേവ ആജ്ഞപ്രകാരം താളിയോലകളിൽ സംസ്കൃതത്തിൽ എഴുതിയതിന്റെ ആദിതമിഴ് വിവർത്തനത്തിന്റെ മലയാള ഗദ്യവിവർത്തനം.

ആധുനിക ശാസ്ത്ര ശാഖകൾ അനുദിനം പുതിയ സാങ്കേതിക ഗവേഷണങ്ങളിലൂടെ ജീവിതം മെച്ചപ്പെടുത്തുമ്പോൾ; അറിയാതെ പോകുന്ന ജീവന്റെ രഹസ്യം! അനവധി ജന്മങ്ങളിലൂടെയുള്ള ആത്മാവിന്റെ യാത്ര!! ഭാരതീയ ഋഷിമാർ തെളിവുകൾ സഹിതം ചരിത്ര രേഖയിലൂടെ വെളിപ്പെടുത്തുന്നു!!!

ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഋഷിമാർ എഴുതിയതിന്റെ വിവർത്തനം.

ഭാരത സംസ്കൃതിയുടെ മുഖമുദ്ര! സനാതന സംസ്കൃതിയുടെ ആധുനിക കാലത്തേയ്ക്കുള്ള അതുല്യ സംഭാവന!! ഹൈന്ദവ സംസ്കൃതിയുടെ ജീവന്റെ ജ്ഞാനത്തെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകൾ!!!



160 Pages
₹ 200

Scan UPI ID

Kalkipuri

ആകെ ശ്ലോകങ്ങൾ: 71. ആകെ വരികൾ: 280. ആകെ പദങ്ങൾ: 840.

- ശ്രീരാമന്റേയും ശ്രീകൃഷ്ണന്റേയും പുനരവതാരം.
- വിവേകാനന്ദന്റെ പുനർജന്മം.
- 1970 ഏപ്രിൽ 4ന് ജനിച്ച് ഏഴ് ദിവസം മാത്രം ജീവിച്ച് തിരിച്ചുപോയതിനു ശേഷം 1971 ഡിസംബർ 14–ാം തിയ്യതിയിലെ പുനർജന്മം.

ജന്മാന്തരങ്ങളിലൂടെയുള്ള ജീവന്റെ യാത്ര ചരിത്രപരമായി വെളിപ്പെടുത്തുന്ന പുസ്തകം

ഫ്ളിപ്കാർട്ടിൽ നിന്നും വാങ്ങാം. shop.kalkipuri.com നിന്നും പുസ്തകം വാങ്ങുമ്പോൾ പോസ്റ്റൽ ചാർജ് ഫ്രീ (ഇന്ത്യയിൽ മാത്രം).

0483 2724372 7907456154
shop.kalkipuri.com

2021 ഫെബ്രുവരി 26ന് കേസരി വാരികയിൽ പ്രസിദ്ധീകരിച്ചത്.